# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ലക്കം സെപ്റ്റംബർ 2021 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



കൃപാവരത്തോടു സഹകരിച്ച് സ്വർഗ്ഗീയമഹത്ത്വം
പ്രാപിച്ചവളായ പരിശുദ്ധ അമ്മേ, സ്വർഗ്ഗീയപിതാവിന്റെ
ഇഷ്ടം ഞങ്ങളുടെ ജീവിതത്തിലും നിറവേറ്റി അവിടുത്തെ
വലതുഭാഗത്തിനർഹരാകുവാൻ ഞങ്ങൾക്കായി
മാദ്ധ്യസ്ഥ്യം യാചിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ഏലിയാ-സ്ലീവാ, മൂശെ ലക്കം സെപ്റ്റംബർ 2021

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**വി.ജി. പ്രിന്റേഴ്സ്**


വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഭയും ശ്ലൈഹികപൈതൃകവും 5
- വെള്ളാരംകല്ല് കഥപറയുമ്പോൾ 8
- കർത്താവിലേക്കു തിരിയേണ്ട കാലം 10
- നിന്റെ ജീവിതം സ്വർഗ്ഗത്തിനു നേട്ടമോ? 12
- എനിക്ക് ജീവിതം സഭയാകട്ടെ 14
- നിത്യതയിലേക്കുള്ള വാതിൽ 16
- ആഖാൻ 17
- സെനക്കിൾ തരംഗം 20
- മുറിവേറ്റവനും മുറിവ് വച്ചുകെട്ടിയവനും 21
- തിരുത്ത് 23
- നിറദീപം 25
- കുട്ടപ്പേട്ടനും കുട്ട്യോളും 26
- വി. യൗസേപ്പ് സുകൃതം നിറഞ്ഞ പിതാവ് 28
- അമ്മയോടൊപ്പം 30




# ജാഗ്രതയുള്ളവരാകാം

**ഈ**ശോയുടെ രണ്ടാമത്തെ ആഗമനത്തെയും അന്ത്യവിധിയെയും അനുസ്മരിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഏലിയാ-സ്ലീവാ-മൂശെക്കാലം ആഗതമായി. രൂപാന്തരീകരണവേളയിൽ ഈശോയുടെ വശങ്ങളിലായി വന്നിരുന്നു സംസാരിച്ച ഏലിയായെയും മോശയെയും അനുസ്മരിപ്പിക്കുന്നതാണ് ഈ കാലത്തിന്റെ പേരുതന്നെ. താബോർ മലയിൽ വെളിപ്പെട്ടുകിട്ടിയ ദൈവസാന്നിദ്ധ്യാനുഭവത്തിൽ ലയിച്ച പത്രോസ് പറഞ്ഞു: “നാം ഇവിടെ ആയിരിക്കുന്നതു നല്ലതാണ്”. സഭയിലൂടെ അനുനിമിഷം ദൈവസാന്നിദ്ധ്യത്തിന്റെ നിറവ് അനുഭവിച്ചുകൊണ്ടിരിക്കുന്ന നമുക്കും ഈ വാക്കുകൾ ആവർത്തിക്കാനാവണം.

താബോറിലെ അനുഭവം ശിഷ്യന്മാരെ വിസ്മയഭരിതരാക്കിയെങ്കിലും ഏലിയായും മോശയും ഈശോയോടു സംസാരിച്ചുകൊണ്ടിരുന്നത് ആസന്നമായ അവിടുത്തെ സഹനമരണോത്ഥാനങ്ങളെപ്പറ്റിയായിരുന്നു. ഈ കാലത്തിന്റെ കേന്ദ്രവും സ്ലീവാ തന്നെയാണല്ലോ. ഈശോ പല പ്രാവശ്യം തന്റെ സഹനമരണോത്ഥാനത്തെക്കുറിച്ചും പിതാവിന്റെ പക്കലേക്കു തിരികെപ്പോകുന്നതിനെപ്പറ്റിയും സംസാരിക്കുന്നുണ്ട്. പിതാവിന്റെ സന്നിധിയിൽ എത്തിച്ചേരാൻ നിരന്തരം ഒരുക്കമുള്ളവനായിരുന്ന ഈശോയെപ്പോലെ ജാഗ്രത പുലർത്തുന്ന വേലക്കാരായി നാമും ഒരുങ്ങിയിരിക്കണം. കാരണം ആ സമയം പിതാവിനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ.

മാമ്മോദീസായിലൂടെ തന്റെ ഗർഭപാത്രത്തിൽ ഉരുവാകുന്ന ഒരു ശിശുവിനെ എന്നപോലെ നിത്യജീവനിലേക്കു പ്രവേശിക്കുന്നതുവരെയും സഭയാകുന്ന അമ്മ നമ്മെയും ഒരുക്കുകയാണ്, പിതാവിന്റെ വലതുഭാഗത്ത് പുത്രനോടൊപ്പം ഒരു സ്ഥാനം നമുക്കും ലഭിക്കേണ്ടതിന്. സകല സൗഭാഗ്യങ്ങളുടെയും സഹായങ്ങളുടെയും മകുടം ചൂടിയിരിക്കുന്ന സഭ നിരന്തരം നമ്മെ സഹായിക്കുന്നുണ്ട്. കൃപാവരത്തോടു നാം സഹകരിക്കുന്നത് എങ്ങനെയാണ് എന്നതുമാത്രമാണ് നമ്മുടെ വിധി നിർണ്ണയിക്കുന്നത്. അമ്മ മക്കൾക്കു നല്ലതേ നൽകൂ. സഭയാകുന്ന അമ്മയോടു ചേർന്നു നിൽക്കുക. കാലാകാലങ്ങളിൽ സഭ നൽകുന്ന നിർദ്ദേശങ്ങൾ ദൈവവചനമായി കണ്ട് സ്വീകരിക്കുക. അന്ധമായി വിമർശിച്ച് വഴി തെറ്റുന്നവരും തെറ്റിക്കുന്നവരുമാകാതിരിക്കാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കട്ടെ.

അടുത്തുള്ള സഹോദരങ്ങളെ സ്നേഹിക്കാതെ അരൂപിയായ ദൈവത്തെ സ്നേഹിക്കാനാവില്ലല്ലോ. പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും അരൂപിയിൽ നിന്ന് സ്വാർത്ഥതയുടെയും വ്യക്തിഹത്യകളുടെയും കൊലപാതകത്തിന്റെയും തടവറയിലേക്ക് ഞാനും എന്റെ കൂടെയുള്ളവരും വീണുപോകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കാരണം ഈ ജീവിതം എനിക്കുവേണ്ടിമാത്രം ദൈവം തന്നതല്ല. എനിക്കുവേണ്ടി വ്യയം ചെയ്ത അനേകം ജീവിതങ്ങളുള്ളതുപോലെ എന്റെ ജീവിതവും അനേകരുടെ നന്മയ്ക്കു കാരണമാകേണ്ടതിനായി തന്നിരിക്കുന്നതാണ്. അതുകൊണ്ട് എന്റെയും സഹോദരങ്ങളുടെയും ജീവിതത്തിന്റെ നേർക്ക് കരുതലുള്ള കാവൽക്കാരായിരിക്കാം.

**ചീഫ് എഡിറ്റർ**




റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**ശ്ലീ**ഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭ ജന്മം കൊണ്ടത് (ശ്ലീഹ 2,14-41). സഭ ശ്ലീഹന്മാരുടെ പ്രബോധനം സ്വീകരിച്ച് അതിൽ വിശ്വസിച്ചവരുടെ സമൂഹമായതുകൊണ്ട്, സഭയുടെ വിശ്വാസപൈതൃകം ശ്ലൈഹികപൈതൃകമാണ്. അപ്രകാരം ശ്ലീഹന്മാരുടെ മിശിഹാനുഭവം സ്വീകരിച്ച്, ആ അനുഭവത്തിൽ ജീവിക്കുവാൻ ശ്രമിക്കുന്നവരുടെ സമൂഹമായിട്ടാണ് സഭ വളർന്നതും വളരുന്നതും. ശ്ലീഹന്മാർ പലരായിരുന്നതുകൊണ്ട് വ്യത്യസ്തങ്ങളായ ശ്ലൈഹികപൈതൃകങ്ങൾ സഭയിലുണ്ടാവുക സ്വാഭാവികമാണ്. വിശ്വാസപൈതൃകത്തിൽ ഈ വ്യതിരിക്തതകൾ ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയായിട്ടാണ് സഭ കാലക്രമത്തിൽ ഉരുത്തിരിഞ്ഞത്. അതുകൊണ്ടാണ് കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മയായി പരിണമിച്ചത്. അപ്രകാരം കത്തോലിക്കാസഭ അഥവാ സാർവ്വത്രികസഭ വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയായി വളരുകയും നിലനില്ക്കുകയും ചെയ്യുന്നു.

## ശ്ലൈഹികപൈതൃകങ്ങൾ: ക്രിസ്തുമാർഗ്ഗങ്ങൾ

ശ്ലൈഹിക വിശ്വാസപൈതൃകത്തെ 'ക്രിസ്തുമാർഗ്ഗം' എന്നു വിശേഷിപ്പിക്കുന്നത് ആദിമ സഭയിൽത്തന്നെ നമുക്കു കാണാം. പൗലോസ്ശ്ലീഹായായി മാറിയ സാവൂൾ 'ക്രിസ്തുമാർഗ്ഗം' സ്വീകരിച്ച സ്ത്രീപുരുഷന്മാരെ ബന്ധനസ്ഥരാക്കുവാൻ ദമാസ്കസിലേക്കു പോകുന്നതായി ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ നാം കാണുന്നുണ്ട് (ശ്ലീഹ 9,2). ഇതിന്റെ പശ്ചാത്തലത്തിലായിരിക്കാം 'പത്രോസിന്റെ മാർഗ്ഗം', 'തോമ്മായുടെ മാർഗ്ഗം' എന്നെല്ലാമുള്ള പ്രയോഗങ്ങൾ പിൽക്കാലത്തുണ്ടായത്. സുറിയാനിസഭയെ ലത്തീനീകരിക്കുവാനുള്ള പോർച്ചുഗീസ് മിഷനറിമാരുടെ പരിശ്രമത്തെ എതിർത്ത നസ്രാണിക്രിസ്ത്യാനികൾ ലത്തീൻസഭാമിഷനറിമാരെ 'പത്രോസിന്റെ മാർഗ്ഗം' സ്വീകരിച്ചവരെന്ന് വിശേഷിപ്പിക്കുകയും, തങ്ങൾ 'തോമ്മായുടെ മാർഗ്ഗം' സ്വീകരിച്ചവരാണെന്നു അവകാശപ്പെടുകയും ചെയ്യുന്ന ചരിത്രരേഖകളുണ്ട്. അതുപോലെതന്നെ, സീറോ

മലബാർ സഭയുടെ പത്രമായിട്ടാരംഭിച്ച 'ദീപിക' ആരംഭത്തിൽ അറിയപ്പെട്ടിരുന്നത് 'നസ്രാണി മാർഗ്ഗദീപിക' എന്നായിരുന്നു. ഇപ്രകാരമുള്ള വ്യത്യസ്ത 'ശ്ലൈഹികവിശ്വാസപൈതൃകങ്ങൾ' അഥവാ 'മാർഗ്ഗങ്ങൾ' സ്വീകരിച്ച വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ.

## ശ്ലൈഹികവിശ്വാസപൈതൃകങ്ങൾ: സെനക്കിൾ പ്രഭാഷണത്തിൽ

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ അന്ത്യപ്രഭാഷണത്തിന്റെ മൂലരൂപം യോഹ 13,36 മുതൽ 14,31 വരെയാണ്. അവിടെ നാലു ശ്ലീഹന്മാർ ഈശോയുമായി സംഭാഷണത്തിലേർപ്പെടുന്നുണ്ട്: പത്രോസ് (13,36-38); തോമസ് (14,5-7); പീലിപ്പോസ് (14,8-10); യൂദാ - തദേവൂസ് (14,22-24). ഇവയിൽ പത്രോസ് ഒഴികെ മറ്റു മൂന്നു പേരും ബഹുവചനത്തിലാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. അവരുടെ വിശ്വാസപൈതൃകം സ്വീകരിച്ച സഭാസമൂഹങ്ങളെയാണ് അവർ പ്രതിനിധാനം ചെയ്യുന്നതെന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. അതുകൊണ്ട് പത്രോസിന്റെയും തോമ്മായുടെയും പീലിപ്പോസിന്റെയും യൂദായുടെയും വിശ്വാസപൈതൃകങ്ങളെ അവരുടെ സംഭാഷണങ്ങളിൽ തിരിച്ചറിയുവാനാകും. വിശുദ്ധ തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകത്തിന്റെ സൂചനയാണ്, മിശിഹായെ പിതാവിന്റെ പക്കലേക്കുള്ള 'മാർഗ്ഗ'മായി അവതരിപ്പിക്കുന്നതിനു പിന്നിലുള്ളത് (യോഹ 14,6). കത്തോലിക്കാസഭയുടെ കൂട്ടായ്മയിലുള്ള വ്യക്തിസഭകളുടെ ശ്ലൈഹികവിശ്വാസപൈതൃകങ്ങളാണ് ഇവയിലൂടെ സുവിശേഷത്തിൽ സൂചിപ്പിക്കപ്പെടുന്നത്.

## പത്രോസിനോടൊപ്പം തോമ്മായും

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം ഈശോയുടെ ഉത്ഥാനത്തിനും പ്രത്യക്ഷീകരണങ്ങൾക്കും (21,1-14), രണ്ടാമാഗമനത്തിനും (21,22-23) ഇടയ്ക്കുള്ള സഭാജീവിതത്തെ പ്രതിഫലിപ്പിക്കുന്നതാണ്. പത്രോസിനെ സഭയുടെ അജപാലനശുശ്രൂഷ ഏല്പിക്കുന്നതും പത്രോസിന്റെ രക്തസാക്ഷിത്വവും ഈശോ സ്നേഹിച്ച ശിഷ്യന്റെ മരണവും ഈശോയുടെ രണ്ടാമാഗമനവും തമ്മിൽ ബന്ധപ്പെടുത്തുന്നതും (21,20-23) അന്നത്തെ സഭാജീവിതത്തിന്റെ പ്രതിഫലനങ്ങളാണ്. ഈ അദ്ധ്യായത്തിൽ ആകെ ഏഴു ശ്ലീഹന്മാരെയാണ് പത്രോസിന്റെ നേതൃത്വത്തിൽ അവതരിപ്പിക്കുന്നത്. അവർ സഭയിലെ വിവിധ ശ്ലൈഹിക പൈതൃകങ്ങളെ പ്രതിനിധീകരിക്കുന്നവരാണ് (യോഹ 21,1-3). പത്രോസ് ശ്ലീഹാ കഴിഞ്ഞാൽ രണ്ടാമത് അവതരിപ്പിക്കുന്നത് വി.തോമ്മാശ്ലീഹായെയാണ്. പത്രോസ് ശ്ലീഹായുടെ ശ്ലൈഹിക പൈതൃകത്തോളം തന്നെ പ്രാധാന്യമർഹിക്കുന്ന തോമ്മാശ്ലീഹായുടെ പൈതൃകമാണ് അവിടെ പ്രതിഫലിക്കുന്നത്. ജറുസലേമിൽ ആരംഭം കുറിച്ച് സഭയുടെ വിശ്വാസം സാവകാശം വിവിധ ശ്ലൈഹികവിശ്വാസപൈതൃകങ്ങളായി വളർന്നതിന്റെ സൂചനയാണ് ഇവിടെ നമുക്കു ലഭിക്കുന്നത്.

## ഇന്ത്യയിലെ വ്യക്തിസഭകൾ

ഇന്ത്യയിലെ കത്തോലിക്കാസഭ മൂന്നു വ്യക്തിസഭകളുടെ കൂട്ടായ്മയാണ്: സീറോമലബാർ സഭ,സീറോ മലങ്കരസഭ, ലത്തീൻസഭ. ഇവയിൽ സീറോമലബാർസഭയുടേതും സീറോമലങ്കര സഭയുടേതും വിശുദ്ധ തോമ്മാശ്ലീഹായുടെ ശ്ലൈഹികവിശ്വാസപൈതൃകമാണെങ്കിൽ ലത്തീൻസഭ വിശുദ്ധ പത്രോസിന്റെ ശ്ലൈഹികപൈതൃകമാണ് സ്വന്തമാക്കിയിരിക്കുന്നത്. വിശ്വാസപൈതൃകം പ്രായോഗികമായി പ്രകടമാകുന്നത് സഭാജീവിതത്തിന്റെ മൗലികഘടകങ്ങളായ വിശ്വാസപ്രബോധനം, ശിക്ഷണക്രമം, ആരാധനക്രമം, യാമപ്രാർത്ഥനകൾ എന്നിവയിലാണ് (ശ്ലീഹ 2,42). വ്യക്തിസഭകൾ ലോകത്തിൽ എവിടെയായിരുന്നാലും, അവിടെയെല്ലാം ഈ

ശ്ലൈഹികവിശ്വാസപൈതൃകം കാത്തുസൂക്ഷിക്കണമെന്നും അത് ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യണമെന്നുമാണ് സാർവ്വത്രികസഭ പഠിപ്പിക്കുന്നത് (OE 1,3). അതുകൊണ്ട് സഭാംഗങ്ങളെല്ലാം തങ്ങൾക്കു ലഭിച്ചിരിക്കുന്ന ശ്ലൈഹികപൈതൃകത്തിന്റെ പ്രത്യേകതകൾ പഠിച്ചു മനസ്സിലാക്കി, അതിനനുസൃതമായി അവരുടെ വിശ്വാസം ജീവിക്കാനും പ്രഘോഷിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം.

## ശ്ലൈഹികപൈതൃകവും സീറോമലബാർസഭയും

വിശുദ്ധ തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലൂടെ ശ്ലൈഹികവിശ്വാസപൈതൃകം സ്വന്തമാക്കുവാൻ ആദ്യനൂറ്റാണ്ടിൽത്തന്നെ ഭാഗ്യം സിദ്ധിച്ച ഒരു സഭയാണ് സീറോമലബാർസഭ. എന്നാൽ പതിനാറാംനൂറ്റാണ്ടുമുതലുള്ള ലത്തീനീകരണപശ്ചാത്തലത്തിലും ഇരുപതാം നൂറ്റാണ്ടിലുണ്ടായ ഭാരതവത്കരണപശ്ചാത്തലത്തിലും മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം ജീവിക്കുന്നതിൽ പ്രശ്നങ്ങൾ നേരിടുന്ന ഒരു സഭയായിട്ടാണ് ഇന്നും ഈ സഭ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരമുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ, സഭാംഗങ്ങൾ ഒത്തൊരുമയോടെ തങ്ങളുടെ ശ്ലൈഹികവിശ്വാസപൈതൃകത്തെപ്പറ്റി പഠിക്കുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്യുവാൻ പരിശ്രമിക്കണം. അതിനു തടസ്സം സൃഷ്ടിക്കുന്ന മനോഭാവങ്ങളും നിലപാടുകളും ഉപേക്ഷിച്ച് ഐക്യത്തിലും സാഹോദര്യത്തിലും തങ്ങളുടെ വിശ്വാസപൈതൃകത്തിന്റെ തനിമയും പ്രത്യേകതകളും മനസ്സിലാക്കി അതിനനുസൃതമായി ജീവിക്കുവാനുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

❑

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# വെള്ളാരംകല്ല് കഥപറയുമ്പോൾ

**ജിസ കൂട്ടിയാനിക്കൽ**

**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**മേ**ശപ്പുറത്തെ പെൻസ്റ്റാന്റിലിരുന്ന് കുഞ്ഞുപേന കോട്ടുവായിട്ടു. കണ്ണുതിരുമ്മി ചുറ്റും നോക്കിയപ്പോൾ മേശപ്പുറത്ത് ഒരു പുതിയ 'അതിഥി' ഒരു വെള്ളാരംകല്ല്. "ഹായ്.. കൊള്ളാല്ലോ... ഏയ് എന്താ നീയിവിടെ? കടലാസുകൾ പറന്നുപോകാതിരിക്കാൻ എന്നെ ഇവിടെകൊണ്ടുവച്ചതാണ്". വെള്ളാരംകല്ല് എളിമയോടെ പറഞ്ഞു. "എന്തൊരു ഭംഗിയാ നിന്നെക്കാണാൻ.. എവിടാ നിന്റെ നാട്?" "നാടോ"? ..വെള്ളാരംകല്ല് ചിരിച്ചു... "അത് അങ്ങകലെ മലമുകളിലാ".. "ഓ എന്നിട്ട് നീയെങ്ങനെ ഇവിടെയെത്തി"? കുഞ്ഞുപേനയ്ക്ക് ആകാംക്ഷയായി. "അതൊരു വലിയ കഥയാണ്. മലമുകളിലെ വലിയ പാറയുടെ ഭാഗമായിരുന്ന ഞാൻ. ഒരു ദിവസം പൊട്ടിത്തകർന്ന് അഗാധങ്ങളിലേക്കു വീണു. മരിച്ചുപോയി എന്നു ഞാൻ വിചാരിച്ചു. ശരീരം മുഴുവൻ മുറിവേറ്റ് ഞാൻ നിലവിളിച്ചു. പക്ഷേ ആരും അതു കേട്ടില്ല. അങ്ങനെയിരിക്കെ ശക്തമായ ഒരു മഴ എന്നെ മലമുകളിലെ ഒരു കൊച്ചരുവിലേക്ക് തള്ളിയിട്ടു. പിന്നീടങ്ങോട്ട് സങ്കടങ്ങളുടെ വെള്ളപ്പാച്ചിലിൽ ഒരു യാത്രയായിരുന്നു. രക്ഷപ്പെടാൻ ഒരു പുൽനാമ്പിലെങ്കിലും പിടിച്ചുകയറാൻ ഞാൻ നോക്കി. പക്ഷേ, കുത്തിയൊഴുകി വന്ന മലവെള്ളം അതിനെന്നെ അനുവദിച്ചില്ല. നിലവിളിക്കാൻ പോലുമാകാതെ, തകർന്ന് ഞാനാ യാത്ര തുടർന്നു. ഒരു ദിവസം പെട്ടെന്ന് എന്റെ യാത്ര നിലച്ചു. ഞാൻ ചുറ്റും നോക്കി... നല്ല തെളിമയുള്ള ജലം. എനിക്കരികെ ഭംഗിയുള്ള ചെറുമീനുകൾ തുള്ളിക്കളിക്കുന്നു. ആ ജലത്തിൽ ഞാനെന്നെത്തന്നെ കണ്ടു. ഞാൻ വളരെ ഭംഗിയുള്ളവനായി മാറിയിരിക്കുന്നു. അങ്ങനെയിരിക്കെ കുറെ കുട്ടികൾ ആ ആറ്റിൽ കുളിക്കാൻ വന്നു. അവരെന്നെ സ്നേഹത്തോടെ കയ്യിലെടുത്ത്

ഓമനിച്ചു. അങ്ങനെയാണ് ഞാനിവിടെ എത്തിയത്" വെള്ളാരംകല്ല് പറഞ്ഞുനിർത്തി.

ഒരിക്കൽകൂടി ഏലിയ-സ്ലീവാ- മൂശെക്കാലത്തിന്റെ മനോഹാരിതയിലേക്ക് നാം പ്രവേശിക്കുകയാണ്. യഹൂദർക്ക് ഇടർച്ചയും, വിജാതിയർക്കു ഭോഷത്തവുമായ കുരിശിന്റെ മഹത്ത്വത്തെ ധ്യാനിക്കുന്ന പുണ്യദിനങ്ങൾ. സഹനങ്ങൾക്ക് അർത്ഥമുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന കാലം. പൊടുന്നനെയുള്ള ചില വീഴ്ചകൾ നിലയില്ലാക്കയത്തിലേക്ക് നമ്മെ തള്ളിയിട്ടേക്കാം. കടപുഴക്കി വീഴ്ത്തുന്ന സഹനപ്പെരുമഴയിൽ രക്ഷപ്പെടാൻ ഒരു പിടിവള്ളി പോലും ലഭിക്കാതെ നാം തകർന്നുപോയേക്കാം. എന്നാൽ ഈ തകർക്കപ്പെടലുകൾ നമ്മെ മിനുസപ്പെടുത്താനുള്ളവയാണ്. അവ നമ്മുടെ കൂർത്തുമൂർത്ത വശങ്ങളെ ഉരച്ചുകളയും, ആ വേദനയിലൂടെ നാമെല്ലാവർക്കും സ്വീകാര്യരാകും. പക്വതയുള്ളവരും മറ്റുള്ളവർക്ക് ഉപകാരമുള്ളവരും ആകും.

സഹനങ്ങൾ ദൈവകൃപയുടെ അരുവികളാണ്. ആ അരുവിയിൽ മുങ്ങിത്താഴുമ്പോൾ, എല്ലാം പിടിവിട്ടുപോയി എന്നു തോന്നുമ്പോൾ, ദൈവം നമ്മിൽ പിടിമുറുക്കുകയാണ്. താഴ്ന്നുപോയാലും തകർന്നു പോകാതെ, ആശ്വാസത്തിന്റെ തെളിമയാർന്ന അവിടുത്തെ കൃപയുടെ ജലത്തിലേക്ക് അവിടുന്നു നമ്മെ കൊണ്ടുപോകും. അവിടെ നമ്മുടെ പദ്ധതികളും സ്വപ്നങ്ങളും തകർക്കപ്പെട്ടേക്കാം. എന്നാൽ ദൈവം തന്റെ സ്വപ്നപദ്ധതിയിലേക്ക് നമ്മെ എടുത്തുയർത്തുകയാണ്.

കുരിശിനെ ധ്യാനിക്കാൻ നമുക്കാകട്ടെ. എന്റെ ജീവിത കുരിശിൽ എന്റെ ഇഷ്ടം ദൈവേഷ്ടത്തോടു ചേർക്കപ്പെടുമ്പോൾ ഉണ്ടാകുന്ന നൊമ്പരപ്പൂക്കൾ വിശുദ്ധിയുടെ പുഷ്പങ്ങളാക്കി മാറ്റാൻ നമുക്കും കൃപ യാചിക്കാം.

❑

## സമാധാനം

കർത്താവേ,
ഞങ്ങൾക്കു ഭയമാകുന്നു
ഞങ്ങൾക്കു ചുറ്റും നടമാടുന്ന,
നാശം വിതയ്ക്കുന്നതും
ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടേയും
ഹൃദയത്തിൽ
ഭയം സൃഷ്ടിക്കുന്നതുമായ അക്രമം
അങ്ങ് കാണുന്നില്ലേ?
പിതാവേ, എന്തുകൊണ്ടാണ്
അവിടുത്തെ സമാധാനവുമായി അങ്ങ്
ഞങ്ങളുടെ മധ്യത്തിലേക്ക് കടന്നുവരാത്തത്?

ദൈവമേ,
അങ്ങ് അവിടുത്തെ
സ്നേഹത്തിലേക്കുള്ള ക്ഷണത്തിലൂടെയും
അവിടുത്തെ പുത്രന്റെ
അക്രമരഹിതമായ ജീവിതമാതൃകയിലൂടെയും
വീണ്ടും ഞങ്ങളോട് സംസാരിക്കുന്നു
അവിടുത്തെ പുത്രന്റെ മരണംവഴി
ഞങ്ങൾക്ക് സമാധാനം നല്കുന്നു.
ആകയാൽ സമാധാനം സ്ഥാപിക്കുവാനുള്ള
ഉത്തരവാദിത്വം ഞങ്ങളുടേതു മാത്രമാണ്.
സമാധാനസ്ഥാപകർ ആയിരിക്കുകയെന്നത്
ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ
മനസ്സിലാക്കുന്നു

ഞങ്ങൾ ഇതാഗ്രഹിക്കുകയും
ഇതിനായി പരിശ്രമിക്കുമെന്ന്
അങ്ങയോട് വാഗ്ദാനം ചെയ്യുകയും
ചെയ്യുന്നു
സമാധാനത്തിന്റെ കന്യകയായ പരി. മറിയമേ,
ഞങ്ങളെ സഹായിക്കണമേ.

ആമ്മേൻ

**(ദൈവദാസൻ വില്യം ജക്വീന്താ).**



# കർത്താവിലേക്ക് തിരിയേണ്ട കാലം

റവ. ഫാ. ജോസഫ് കളത്തിൽ
താമരശ്ശേരി രൂപത

ഏലിയ-സ്ലീവാ-മൂശക്കാലങ്ങളിലെ പ്രധാന വിചിന്തനവിഷയങ്ങളാണ് ലോകാവസാനം, നാശപുത്രന്റെ വരവ്, മിശിഹായുടെ രണ്ടാമത്തെ ആഗമനം, അന്ത്യവിധി എന്നിവ. ഈ കാലത്തിന് പ്രവാചകനായ ഏലിയായുടെയും മൂശയുടെയും പേര് കൊടുത്തിരിക്കുന്നത് ഏറെ അനുയോജ്യമാണ്. കാരണം താബോർ മലമുകളിൽ മഹത്ത്വപൂർണ്ണനായി ഏതാനും നിമിഷത്തേക്ക് പ്രത്യക്ഷപ്പെട്ട ഈശോയുടെ അകമ്പടിക്കാരിലൊരാളായിരുന്നു ഏലിയ. കൂടാതെ നാശപുത്രനുമായി ഏറ്റുമുട്ടുന്നതിന് അവസാനനാളിൽ ഏലിയ വരുമെന്ന് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയാ. അതുപോലെതന്നെ ഇസ്രായേൽ ജനതയെ വാഗ്ദത്തനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മോശ.

അന്ത്യവിധി നടത്താൻ കർത്താവ് വരുന്നതിനെ ഓർത്തുകൊണ്ട് പ്രാർത്ഥിക്കുക എന്നത് ഈ കാലത്തിന്റെ പ്രത്യേകതയാണ്. കിഴക്കിനഭിമുഖമായി പ്രാർത്ഥിക്കുക എന്ന പുരാതനക്രൈസ്തവരീതി നമ്മെ ഓർമ്മിപ്പിക്കുന്നതും ദൈവജനത്തിന്റെ യുഗാന്ത്യോന്മുഖ പ്രതീക്ഷയുടെ ശാരീരികമായ അവതരണം എന്ന നിലയിലാണ്. കിഴക്കിനഭിമുഖമായി നിൽക്കുക എന്നു പറഞ്ഞാൽ മിശിഹായ്ക്ക് അഭിമുഖമായി നിൽക്കുക എന്നാണർത്ഥം. ഇവിടെ മിശിഹാ തന്നെയാണ് ഉദയസൂര്യൻ. അവിടുത്തെ ഉദയം പറുദീസായുടെ വീണ്ടെടുപ്പിൽ എല്ലാം പൂർത്തീകരിക്കപ്പെടുന്നതിനെ അടയാളപ്പെടുത്തുന്നു.

ഓരോ വിശുദ്ധ കുർബാനയിലും മഹത്ത്വത്തോടെ വരുന്ന കർത്താവിന്റെ ആഗമനം കൗദാശികമായി മുൻകൂട്ടി അവതരിപ്പിക്കപ്പെടുന്നുണ്ട്. സഭ തന്റെ രക്ഷയുടെ കൂദാശ ആഘോഷിക്കുമ്പോൾ തീർച്ചയായും കർത്താവിലേക്ക് തിരിഞ്ഞിരിക്കണം എന്ന് കിഴക്കിനഭിമുഖമായി നിലകൊള്ളുന്ന രീതി അർത്ഥമാക്കുന്നു. ഇവിടെ കർത്താവുമായുള്ള കൂട്ടായ്മയിലും അവിടുത്തെ മധ്യസ്ഥതയിലും സഭ അവളുടെ പ്രാർത്ഥനകളും അർത്ഥനകളും പരിശുദ്ധാത്മാവിനോടുള്ള ഐക്യത്തിൽ പിതാവിനോട് നടത്തുകയാണ് ചെയ്യുന്നത്.

കാർമ്മികനും ദൈവജനവും കിഴക്കിനഭിമുഖമായി നിലകൊള്ളുന്ന രീതിയിലുള്ള ബലിപീഠത്തിന്റെ ക്രമവത്കരണം വിശുദ്ധ കുർബാനയിലെ മിശിഹായുടെ രണ്ടാമത്തെ ആഗമനം എന്ന രഹസ്യത്തെ വെളിച്ചത്തുകൊണ്ടുവരുകയാണ് ചെയ്യുന്നത്.

ഉദിച്ചുയരുന്ന സൂര്യനെ മിശിഹായുമായി പ്രതീകവത്കരിക്കുന്ന പുരാതനക്രൈസ്തവരീതിയാണ് കിഴക്കിനഭിമുഖമായ പ്രാർത്ഥനയെന്ന് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ (ബനഡിക്ട് പതിനാറാമൻ മാർപാപ്പ) ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എപ്പോൾ കിഴക്കോട്ട് തിരിയുന്നുവോ അപ്പോഴൊക്കെ കാർമ്മികനും ദൈവജനവും വരാനിരിക്കുന്ന മിശിഹായിലേക്കാണ് തിരിയുന്നത്. ഇത് നിത്യത ലക്ഷ്യമാക്കിയുള്ള ഒരു പ്രയാണത്തെയാണ് പ്രതീകവത്കരിക്കുന്നത്.

യുഗാന്ത്യോന്മുഖ യാഥാർത്ഥ്യങ്ങളായ മിശിഹായുടെ രണ്ടാമത്തെ ആഗമനം, അന്ത്യവിധി എന്നിവയെ പ്രതീക്ഷിക്കുന്നതിന്റെ ഒരടയാളമായിട്ടാണ് 'കിഴക്ക്' എന്ന പ്രതീകത്തെ പുരാതനകാലം മുതലേ ക്രൈസ്തവപാരമ്പര്യം കണ്ടിരുന്നത്. ഇനിയും പൂർത്തിയാകാത്ത ഒരു യാഥാർത്ഥ്യത്തെയാണ് കിഴക്ക് എന്നത് സൂചിപ്പിക്കുന്നത്. തീർത്തും ലൗകികമായ മനുഷ്യനെപ്പറ്റി പറയുന്നത് അവൻ നിലവിലുള്ള യാഥാർത്ഥ്യത്തെയോർത്ത് സംതൃപ്തനാണെന്നാണ്. അതിനാൽ ഇനിയും വന്നിട്ടില്ലാത്തതിനെ സൂചിപ്പിക്കുന്ന 'കിഴക്ക്' എന്ന പ്രതീകത്തെ അവൻ അവഗണിക്കുന്നു. ഒരു യുഗാന്ത്യോന്മുഖസമൂഹം എന്ന നിലയിൽ സഭ ആരാധനക്രമ പ്രാർത്ഥനകളുടെ അവസരത്തിൽ കിഴക്കോട്ട് തിരിഞ്ഞു നിൽക്കുക എന്നത് എന്തുകൊണ്ടും ഉചിതമാണെന്ന് ഈ പശ്ചാത്തലത്തിൽ പല ആത്മീയപിതാക്കന്മാരും ചൂണ്ടിക്കാണിക്കുന്നുണ്ട്.

ആരാധനക്രമപണ്ഡിതനായ ജോസഫ് എ. യുങ്മാൻ പ്രസ്താവിക്കുന്നത് സെമിത്തേരികളിലും ഇപ്രകാരം കിഴക്കിനഭിമുഖമായ ക്രമീകരണം നമുക്കു കാണാമെന്നാണ്. ആസ്ട്രിയയിലെയും ടിറോളിലെയും പഴയസെമിത്തേരികളിലെ കല്ലറകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് കിഴക്കിനെ– ഉദയസൂര്യനെ അഭിമുഖീകരിച്ചുകൊണ്ട് മൃതദേഹങ്ങൾ കിടക്കുന്ന രീതിയിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെ കൗതുകകരമായ വസ്തുത കല്ലറകളോ അതിലെ ഫലകങ്ങളോ റോഡിലേക്കോ പള്ളിയിലേക്കോ അഭിമുഖമായിട്ടല്ല പണിയപ്പെട്ടിരിക്കുന്നത് എന്നാണ്. അവയെല്ലാം റോഡിൽ നിന്നും പള്ളിയിൽനിന്നും അകലെയായി കിഴക്കിനഭിമുഖമായാണ് പണി കഴിച്ചിരിക്കുന്നത്. മരിച്ചുപോയവർ ഒരു വലിയ പട്ടാളവ്യൂഹത്തെപ്പോലെ ഉയിർത്തെഴുന്നേറ്റ മിശിഹായെ പ്രതീക്ഷിച്ചിരിക്കുകയാണെന്ന് ഇത് അർത്ഥമാക്കുന്നെന്ന് യുങ്മാൻ പറയുന്നു. ഉത്ഥാനത്തിലേക്ക് തങ്ങളെ വിളിച്ചുകൂട്ടുന്നതിനുവേണ്ടി അവിടുത്തെ വിളിക്കായി അവർ കാതോർത്തിരിക്കുകയും ചെയ്യുന്നു.

കേരളത്തിലെ മാർത്തോമ്മാ നസ്രാണികളുടെ മൃതസംസ്കാരരീതിയിലും പ്രത്യേകതകളുണ്ട്. അത്മായരെ സംസ്കരിക്കുമ്പോൾ അവരുടെ തല കുഴിമാടത്തിൽ പടിഞ്ഞാറുഭാഗത്താണ് കിടത്തിയിരുന്നത്. അവരുടെ മുഖം ഉത്ഥാനത്തിലേക്ക് നോക്കാൻ എപ്പോഴും തയ്യാറായി നിൽക്കുന്നുവെന്ന വിധത്തിലാണ് ഇപ്രകാരം ക്രമീകരണം നടത്തിയിരിക്കുന്നത്. എന്നാൽ വൈദികരുടെ മൃതസംസ്കാരത്തിൽ അവരുടെ തല കുഴിമാടത്തിൽ കിഴക്കുഭാഗത്താണ് കിടത്തിയിരുന്നത്. വൈദികർ മിശിഹായോടൊപ്പം അവരുടെ അജഗണങ്ങളെ സ്വാഗതം ചെയ്യുകയോ വിധിക്കുകയോ ചെയ്യുമെന്ന അർത്ഥത്തിലായിരുന്നു ഇപ്രകാരം ചെയ്തിരുന്നത്. ❑

# നിന്റെ ജീവിതം സ്വർഗത്തിനു നേട്ടമോ?



നെവിൻ മങ്ങാട്ട്

**അ**മലയുടെ വിവാഹം കഴിഞ്ഞിട്ട് ആറു മാസമേ ആയിട്ടുള്ളൂ. ഡോക്ടർ ദമ്പതികളുടെ മൂത്ത മകൾ, സാമ്പത്തികവും പിടിപാടുമുള്ളവർ. ഐടി മേഖലയിൽ ജോലി ചെയ്യുന്ന അമല ജോലിയിടത്തിൽ ശ്രദ്ധാകേന്ദ്രം. വളരെ ചുറുചുറുക്കോടും സന്തോഷത്തോടുംകൂടി ഏവരുടെയും മുന്നിൽ പ്രത്യക്ഷപ്പെടുകയും ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി ഈ ജോലി നിർവ്വഹിക്കുകയും ചെയ്യുന്ന അമല എല്ലാവർക്കും പ്രിയങ്കരി. നീണ്ട കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമെന്നോണം ദാമ്പത്യജീവിതത്തിലേക്കു പ്രവേശിച്ചു. ആറു മാസക്കാലത്തെ ദാമ്പത്യജീവിതം. പെട്ടെന്നാണ് പനി അവളെ പിടികൂടിയത്. ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും തകർത്തുകൊണ്ട് വൈറസിന്റെ ആക്രമണം. ഒരു മാസത്തെ ആശുപത്രിവാസത്തിനന്ത്യം മരണമായിരുന്നു.

എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളും ഉണ്ടായിരുന്നിട്ടും അമലയെ മരണം തോൽപ്പിച്ചുകളഞ്ഞു. ഈ മരണം ആർക്കും ഉൾക്കൊള്ളാനായില്ല. കാരണം അവൾ അവരുടെയൊക്കെയും ഹൃദയം കീഴടക്കിയിരുന്നു.

അമലയുടെ മരണത്തെ ലോകം നഷ്ടങ്ങളുടെ പട്ടികയിലേക്കു തള്ളിയപ്പോൾ ഡോക്ടറായ അപ്പൻ ഇപ്രകാരം പറഞ്ഞു. 'എന്റെ മകളുടെ മരണം ലോകത്തിന്റെ കണ്ണുകൾക്ക് ഒരു നഷ്ടമാകാം. എന്നാൽ, ദൈവത്തിന്റെ കണ്ണുകൾക്ക്' സ്വർഗത്തിന് ഒരു വലിയ നേട്ടമാണ്. അവൾ ദൈവത്തിന്റെ മടിത്തട്ടിലിടം നേടിയെന്ന് എനിക്കുറപ്പാണ്. കാരണം അവൾ ദൈവത്തോടു ചേർന്ന് അനശ്വരമായ സമ്പത്തിനായി യത്നിച്ചവളാണെന്ന് അവളുടെ ആത്മീയ പിതാവും സാക്ഷ്യപ്പെടുത്തുന്നു.

പ്രിയമുള്ളവരേ, ക്രിസ്താനുകരണം നമ്മെ ഓർമപ്പെടുത്തുന്നത് ഇപ്രകാരമാണ്. എല്ലാ കാര്യങ്ങളിലും നീ അന്ത്യം ഓർമ്മിക്കുക. മരണസമയത്ത് എപ്രകാരം ആയിരിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അപ്രകാരം ജീവിത

കാലത്തും ആയിരിക്കാൻ ശ്രമിക്കുന്നവൻ ധന്യനും വിവേകിയുമാണ്. ക്ഷണികമായ ഈ ലോകജീവിതത്തിൽ ഭൂമിയോടും ഭൗമികജീവിതത്തോടുമുള്ള അടങ്ങാത്ത അഭിനിവേശം ആത്മാക്കളെ സ്വർഗത്തിലെത്തിക്കുന്നതിനുപകരം ആത്മാവിനെ ദുർബലപ്പെടുത്തി നരകം സ്വന്തമാക്കുവാൻ ഇടവരുത്തുന്നു എന്നതാണ് യാഥാർത്ഥ്യം.

ദൈവമായിരിക്കണം നമ്മുടെ ഹൃദങ്ങളുടെ കേന്ദ്രം. ദൈവത്തിൽ സമാശ്വസിക്കുന്നതുവരെ നമുക്ക് ആശ്വാസമില്ലെന്ന് വി. ആഗസ്തീനോസ് പറയുന്നു. സൃഷ്ടികളോടും നമ്മോടുതന്നെയും മൈത്രിയിലായിരിക്കുമ്പോൾ നാം തെറ്റായ സ്ഥലത്ത് സൗഭാഗ്യം അന്വേഷിക്കുന്നു. വചനം പറയുന്നു ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണ്. ആകയാൽ ദൈവികമല്ലാത്ത എല്ലാറ്റിൽ നിന്നും ഹൃദയങ്ങളെ പിൻവലിച്ച് എല്ലാ ലൗകികതാത്പര്യങ്ങളിൽനിന്നും മുക്തി നേടി യഥാർത്ഥ സൗഭാഗ്യം പ്രാപിക്കാൻ-സ്വർഗ്ഗം സ്വന്തമാക്കുവാൻ നമുക്കാവണം.

പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നവൻ മരണത്തെയോ ശിക്ഷാവിധികളെയോ നരകത്തെയോ ഭയപ്പെടുന്നില്ല. പിന്നെയോ നിത്യതയെക്കുറിച്ചുള്ള നിതാന്ത ബോധം ഹൃദയത്തിൽ സൂക്ഷിച്ച് അനുതാപാർദ്ര ഹൃദയത്തോടെ വി. കുരിശിന്റെ തണലിൽ സംരക്ഷണം തേടി സ്വർഗം ഉറപ്പിക്കുവാൻ യത്നിക്കുന്നു.

പ്രിയപ്പെട്ടവരേ, ഏലിയ-സ്ലീവാ മൂശക്കാലത്തിലൂടെ നാം യാത്ര ചെയ്യുമ്പോൾ നമ്മുടെ ജീവിതാന്ത്യത്തെയും സ്വർഗീയയാത്രയെയും അന്ത്യവിധിയെയും കുറിച്ച് കൂടുതൽ ബോധ്യത്തോടെ ജീവിക്കുന്നവരാകാം. വി.അഗസ്റ്റിന്റെ വാക്കുകളെ നമുക്ക് മറക്കാതിരിക്കാം. "ഓ.. കർത്താവേ അങ്ങയെ ആസ്വദിക്കാനായി മരിക്കാൻ എന്നെ അനുവദിക്കുക." "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,21) എന്നു പറഞ്ഞ വി. പൗലോസിനെപ്പോലെ മരണത്തെ നേട്ടമായി കരുതിയവരും മരണത്തെ സസന്തോഷം പുൽകിയവരുമായ വിശുദ്ധാത്മാക്കളെപോലെ നമുക്കും നിരന്തരം പ്രാർത്ഥനയിലായിരിക്കാം.

"ദിവ്യരക്ഷകാ, എന്ന് ഏത് മണിക്കൂറിൽ എങ്ങനെ ഞാൻ മരിക്കും എന്ന് എനിക്ക് അറിഞ്ഞുകൂടാത്തതിനാൽ അങ്ങയുടെ പീഡാനുഭവത്തിന്റെ യോഗ്യതകളാൽ മരണത്തിന് എന്നെ ഒരുക്കണമേ. ജോലികളിൽ ഉത്സാഹവും അങ്ങയുടെ കൃപാവരത്തോടു വിശ്വസ്തതയും പ്രാർത്ഥനകളിൽ ശ്രദ്ധയും കൂദാശാസ്വീകരണത്തിൽ കൃത്യനിഷ്ഠയും സുകൃതാഭ്യാസത്തിൽ സ്ഥിരതയും എന്റെ അന്തസ്സിനടുത്ത പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ തീക്ഷ്ണതയും എനിക്കു തരണമേ." ആമേൻ. (ക്രിസ്താനുകരണം) ❑




## നിന്നെയും വിളിക്കുന്നു.....

- ☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- ☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- ☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# എനിക്ക് ജീവിതം സഭയാകട്ടെ

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



പിതൃമൊഴി

> **"സഭയെ സ്നേഹിക്കുക സഭയോടൊത്തായിരിക്കുക"**
>
> **(ദൈവദാസൻ വില്യം ജക്വീന്താ).**

***തി***രുസ്സഭയെ സ്നേഹിക്കുക, അവളോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നത് കത്തോലിക്കാ വിശ്വാസജീവിതത്തിന്റെ തന്നെ അടിസ്ഥാനമാണ്. ഈശോമിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിക്കുന്ന വിശ്വാസികളുടെ സമൂഹമാണല്ലോ സഭ. ദൈവത്തിന്റെ രാജ്യം ഈ ഭൂമിയിൽ ഇന്ന് സന്നിഹിതമാക്കപ്പെടുന്നത് സഭയിലൂടെയാണ്. ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായും നിറവേറ്റപ്പെടുന്ന അവസ്ഥയാണ് ദൈവരാജ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ശിരസ്സായ മിശിഹായോട് ചേർന്നുനിന്നുകൊണ്ട് അവിടുത്തെ ശരീരമായ സഭയെ പണിതുയർത്തുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളായി ദൈവസ്നേഹത്തിന്റെ മുഖം ഈ ലോകത്തിനു വ്യക്തമാക്കിക്കൊടുക്കുവാനും വിളിക്കപ്പെട്ടവനാണ് ഓരോ ക്രൈസ്തവനും.

മിശിഹായുടെ വചനങ്ങൾക്കനുസരിച്ച് ജീവിക്കുവാനും പ്രവർത്തിക്കുവാനും തിരുസ്സഭയിലെ ഓരോ അംഗത്തിനും സാധിക്കുമ്പോഴാണ് സഭയെ നാം സ്നേഹിക്കുന്നു എന്നു പറയാനാവുക. ദൈവചരായയുടെ പ്രതിഫലനങ്ങളായി ദൈവമക്കൾക്കു ചിതമായ ജീവിതം നയിക്കുമ്പോഴാണ് സഭയോടൊത്തായിരിക്കാൻ നമുക്കു സാധിക്കുന്നത്. ഉത്ഥിതനായ ഈശോയുടെ ശരീരത്തിലെ അവയവങ്ങളാണ് നാമോരുത്തരും. അങ്ങനെയെങ്കിൽ ഈശോയെപ്പോലെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തക്കവിധം അവിടുത്തെ മനോഭാവങ്ങൾ നാം സ്വന്തമാക്കേണ്ടതുണ്ട്. 'ഈശോ പിതാവിനോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചവനാണെന്ന്' ഫിലിപ്പിയർക്കെഴുതിയ ലേഖനം (ഫിലി 2,6ff) നമ്മെ അനുസ്മരിപ്പിക്കുമ്പോൾ അനുസരണത്തിന്റെയും ചെറുതാകലിന്റെയും ജീവിതശൈലി സഭാതനയർക്കുണ്ടാകണമെന്ന് നമ്മെ ആഹ്വാനം ചെയ്യുകയാണ്.

"ഈശോ വെളിപ്പെടുത്തിയ പിതാവിന്റെ ഹിതം നമുക്കു കൈമാറിത്തരുന്നത് ശ്ലീഹന്മാരാണ്. താൻ വെളിപ്പെടുത്തിയ ദൈവഹിതമായ സുവിശേഷത്തിന്റെ ആധികാരികവും ഔദ്യോഗികവുമായ സാക്ഷികളും പ്രഘോഷകരുമായി ഈശോ നിയമിച്ചതും ശ്ലീഹന്മാരെയാണ്. അതുകൊണ്ട് സഭയോടൊത്തു ചിന്തിക്കുക എന്നാൽ ശ്ലീഹന്മാരോടും അവരുടെ പിൻഗാമികളോടുമൊത്ത് ചിന്തിക്കുക എന്നു മനസ്സിലാക്കാം. അവരാണ് ഇന്ന് ദൈവഹിതം നമുക്കായി വ്യാഖ്യാനിച്ചു തരുന്നത്" (ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ-ജീവനിലേക്കുള്ള വിശ്വാസവാതിൽ).

തിരുസ്സഭയുടെ അംഗങ്ങളെന്ന നിലയിൽ സഭാധികാരികളോടും സഭാപ്രബോധനങ്ങളോടും വിധേയത്വവും ആഭിമുഖ്യവും പ്രതിബദ്ധതയും പുലർത്തുവാൻ നമുക്കു സാധിക്കണം. സഭയ്ക്കും കുറവുകളുണ്ട്. കാരണം ദൈവികസംവിധാനമാണെങ്കിലും അത് ബലഹീനമായ മനുഷ്യപ്രകൃതിയുള്ളവരുടെ ഒരു കൂട്ടായ്മകൂടിയാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. ഈശോമിശിഹാ തന്റെ രക്ഷാകര ദൗത്യം ഇന്നു സഭയിൽ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നത് വെറും സാധാരണക്കാരായ വ്യക്തികളിലൂടെത്തന്നെയാണ്. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ട നമ്മുടെ കർത്താവിന്റെ ശരീരമാകുന്ന സഭയെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. അതുകൊണ്ട് കുറവുകൾ മറന്ന്, ഭിന്നതകളില്ലാതെ, ശ്ലീഹന്മാരുടെ പിൻഗാമികൾ വഴി വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ ഹിതം തിരിച്ചറിയുവാനും സഭ മിശിഹായ്ക്ക് അർപ്പിക്കുന്ന പരമോന്നത ആരാധനയായ ലിറ്റർജിയിൽ (ആരാധനക്രമത്തിൽ) സർവ്വാത്മനാ ഉൾച്ചേർന്നുകൊണ്ട് മറ്റു സഭാംഗങ്ങളോടൊത്ത് സഭയെ സ്നേഹിക്കുന്നവരും മിശിഹായുടെ മുഖം ലോകത്തിന്റെ മുൻപിൽ വെളിപ്പെടുത്തുന്നവരുമാകാൻ നമുക്കു പരിശ്രമിക്കാം. ❑

"ക്രൂശിതനെ ഏറ്റുപറയുന്നതിൽ നമുക്കു ലജ്ജിക്കാതിരിക്കാം. നമ്മുടെ നെറ്റിത്തടങ്ങൾ വിരലുകൾ കൊണ്ട് ആത്മധൈര്യത്തോടെ മുദ്രയടിക്കാം. എല്ലാ വസ്തുക്കളിന്മേലും നമുക്കു കുരിശിന്റെ അടയാളം വരയ്ക്കാം. നാം തിന്നുന്ന അപ്പത്തിലും പാനം ചെയ്യുന്ന പാത്രത്തിലും അങ്ങനെ ചെയ്യാം. നാം വരുകയും പോവുകയും ചെയ്യുമ്പോഴും ഉറങ്ങുന്നതിനു മുമ്പും കിടക്കുമ്പോഴും ഉണരുമ്പോഴും യാത്ര ചെയ്യുമ്പോഴും വിശ്രമിക്കുമ്പോഴും ഈ അടയാളം വരയ്ക്കാം."

**ജറുസലേമിലെ വി.സിറിൾ.**



# നിത്യതയിലേക്കുള്ള വാതിൽ

**തെരേസ് ആൻഡ്രൂസ്**

മനുഷ്യർ സാധാരണഗതിയിൽ ഭയപ്പെടുന്നതും എന്നാൽ നിശ്ചയമായും അവൻ നേരിടേണ്ടതുമായ ഒരു യാഥാർത്ഥ്യമാണല്ലോ മരണം. ജനിക്കുമ്പോൾത്തന്നെ ഒരുവൻ മരിച്ചുതുടങ്ങുകയാണ് എന്നുപറയുന്നതിൽ അതിശയോക്തിയൊട്ടുമില്ല. ഈ ലോകത്തെയും ലോകത്തിലുള്ളവരെയും ലോകത്തിലുള്ളവയെയും നമുക്ക് അന്യമാക്കുന്ന മരണത്തെ നിഷേധാത്മകമായി വീക്ഷിക്കാനാണ് നാമെല്ലാം ഇഷ്ടപ്പെടുന്നത്. ബന്ധങ്ങളുടെ കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ്, ഇല്ലായ്മകളുടെ ഇരുളുനിറഞ്ഞ ആഴങ്ങളിലേക്ക് ഏകരായി നമ്മെ ഉപേക്ഷിക്കുന്ന ഒരു ക്രൂരകഥാപാത്രമായി മരണത്തെ കരുതിയാൽ ഒരിക്കലും ആ അവസ്ഥയെ ശാന്തമായി സ്വീകരിക്കാൻ നമുക്കു കഴിയില്ല. എന്നാൽ നിത്യതയുടെ വെള്ളിവെളിച്ചത്തിലേക്ക്, ദൈവത്തെ നേരിട്ടു ദർശിക്കുവാൻ കഴിയുന്ന അവസ്ഥയിലേക്ക്, ഒരിക്കലും അവസാനിക്കാത്ത ബന്ധങ്ങളുടെ സ്വർഗ്ഗീയഗേഹത്തിലേക്ക് തുറക്കുന്ന ഒരു വാതിലായി, അനശ്വരയിലേക്കുള്ള പുതുജന്മമായി, വിശ്വാസജീവിതത്തിന്റെ പ്രതിഫലനമായി മരണത്തെ കാണാൻ കഴിഞ്ഞെങ്കിലേ ശാന്തമായി ആ അവസ്ഥയെ സ്വീകരിക്കാൻ നമുക്കു സാധിക്കൂ. ആഴമേറിയ വിശ്വാസമുണ്ടെങ്കിൽ മാത്രമേ ഇതു സാധ്യമാകൂ.

ഈശോയുടെ സഹനവും മരണവും വീക്ഷിക്കുമ്പോൾ നമ്മുടെ മരണം കൂടുതൽ എളുപ്പമുള്ളതാകും എന്ന് കത്തോലിക്കാസഭയുടെ യുവജനമതബോധനഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ മരണം നമ്മെ അവിടുത്തെ കൈകൾക്കപ്പുറത്തു വീഴിക്കുന്നില്ല. മരിക്കുന്ന വ്യക്തി, വീട്ടിലേക്ക്, അവനെ സൃഷ്ടിച്ച ദൈവസ്നേഹത്തിലേക്കു പോകുന്നു. മറ്റൊരിടത്തേക്കും യാത്ര ചെയ്യുന്നില്ല" (No. 155).

മിശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയും സ്ലീവായുടെ ശക്തിയും വിജയവുമെല്ലാമാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിൽ നാം ധ്യാനവിഷയമാക്കുന്നത്. മിശിഹായുടെ രണ്ടാം ആഗമനം ഒരു വ്യക്തിയിൽ സംഭവിക്കുന്നതും തനതുവിധിക്ക് അവൻ വിധേയനാകുന്നതും അവന്റെ മരണത്തിലാണ്. "മരണമല്ല, ദൈവം എന്നെ എടുക്കും" എന്നാണ് വിശുദ്ധ കൊച്ചുത്രേസ്യാ പറഞ്ഞിരിക്കുന്നത്. ഒരുവൻ നിശ്ചയമായും നേരിടേണ്ട ഈ യാഥാർത്ഥ്യത്തെ പ്രതീക്ഷയോടെ, വിശ്വാസത്തോടെ സ്വീകരിക്കുവാൻ വിജയംവരിച്ച സ്ലീവായുടെ - മഹത്ത്വത്തിൽ പ്രവേശിച്ച മിശിഹായുടെ - ശക്തിയെക്കുറിച്ചുള്ള ധ്യാനം അവനുപകരിക്കും. മിശിഹാരഹസ്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ ശക്തിസ്രോതസ്സാക്കിമാറ്റി ജീവിതത്തിൽ അന്തിമമായ വിജയം നേടാൻ നമുക്കു പരിശ്രമിക്കാം.

❑



# ആഖാൻ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**യൂ**ദാ ഗോത്രത്തിൽപ്പെട്ട സേരായുടെ മകൻ സബ്ദിയുടെ പൗത്രനും കാർമ്മിയുടെ പുത്രനുമാണ് ആഖാൻ. മോശയ്ക്കുശേഷം ഇസ്രായേൽ ജനം ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശത്തേക്കു പ്രയാണം തുടരുന്നു. പോകുംവഴിക്ക് ജറീക്കോപട്ടണം കടക്കുമ്പോൾ അവിടുത്തെ രാജാവും ജനങ്ങളും പട്ടണം അടച്ച് ഭദ്രമാക്കി. "കർത്താവു മോശയോട് അരുളിച്ചെയ്തു: ഇതാ ഞാൻ ജറീക്കോ പട്ടണത്തെ അതിന്റെ രാജാവിനോടും യുദ്ധവീരന്മാരോടുംകൂടെ നിന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നു. നിങ്ങളുടെ യോദ്ധാക്കൾ ദിവസത്തിൽ ഒരിക്കൽ പട്ടണത്തിനു ചുറ്റും നടക്കണം. ഇങ്ങനെ ആറുദിവസം ചെയ്യണം. ഏഴു പുരോഹിതന്മാർ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളവും പിടിച്ച് വാഗ്ദാനപേടകത്തിന്റെ മുമ്പിലൂടെ നടക്കണം. ഏഴാം ദിവസം പുരോഹിതന്മാർ കാഹളം മുഴക്കുകയും നിങ്ങൾ പട്ടണത്തിനു ചുറ്റും ഏഴു പ്രാവശ്യം നടക്കുകയും വേണം. അവർ കാഹളം മുഴക്കുന്നതു കേൾക്കുമ്പോൾ നിങ്ങൾ ആർത്തട്ടഹസിക്കണം. അപ്പോൾ പട്ടണത്തിന്റെ മതിൽ നിലംപതിക്കും. നിങ്ങൾ നേരേ ഇരച്ചുകയറുക" (ജോഷ്വാ 6:2-5).

കർത്താവിനു ബലിയായി ദഹിപ്പിക്കപ്പെടേണ്ട ജറീക്കോ പട്ടണത്തിൽ നിന്ന് ഒന്നും എടുക്കരുതെന്ന് ജോഷ്വാ ഇസ്രായേൽ ജനത്തോട് നിർദ്ദേശിച്ചു: "നശിപ്പിക്കപ്പെടേണ്ട ഈ പട്ടണ

ത്തിൽ നിന്ന് നിങ്ങൾ ഒന്നും എടുക്കരുത്; അങ്ങനെ ചെയ്താൽ ഇസ്രായേൽ പാളയത്തിനു നാശവും അനർത്ഥവും സംഭവിക്കും. എന്നാൽ, വെള്ളിയും സ്വർണ്ണവും പിച്ചളയും ഇരുമ്പും കൊണ്ടു നിർമ്മിതമായ കർത്താവിനു വിശുദ്ധമാണ്. അവ കർത്താവിന്റെ ഭവനത്തിൽ നിക്ഷേപിക്കണം" (ജോഷ്വാ 6:18-19). എന്നാൽ യൂദാ ഗോത്രത്തിൽപ്പെട്ട ആഖാൻ നിഷിദ്ധവസ്തുക്കളിൽ ചിലതു സ്വന്തമാക്കി. തന്മൂലം വളരെക്കുറച്ചുപേർ മാത്രമുള്ള ആയിപട്ടണത്തെ തോല്പിക്കാൻ ഇസ്രായേൽ ജനത്തിനു കഴിഞ്ഞില്ല. അപ്രതീക്ഷിതമായി വന്ന പരാജയത്തിനു മുമ്പിൽ ജോഷ്വാ കർത്താവിന്റെ മുമ്പിൽ സാഷ്ടാംഗംവീണു നിലവിളിച്ചു. തന്റെ മുമ്പിൽ ഇസ്രായേൽ പാപം ചെയ്തത് കർത്താവു വെളിപ്പെടുത്തി. അവിടുന്ന് അരുളിച്ചെയ്തു: "ഇസ്രായേൽ പാപം ചെയ്തിരിക്കുന്നു; എന്റെ കല്പന ലംഘിച്ചു. നിഷിദ്ധവസ്തുക്കളിൽ ചിലത് അവർ കൈവശപ്പെടുത്തി. അവ തങ്ങളുടെ സാമാനങ്ങളുടെ കൂടെ വച്ചിട്ട് വ്യാജം പറയുകയും ചെയ്തിരിക്കുന്നു. അതിനാൽ, ഇസ്രായേൽ ജനത്തിനു ശത്രുക്കളെ ചെറുത്തു നില്ക്കാൻ സാധിക്കുന്നില്ല; അവരുടെ മുൻപിൽ തോറ്റു പിൻമാറുന്നു. എന്തെന്നാൽ, അവർ നശിപ്പിക്കപ്പെടാനുള്ള ഒരു വസ്തുവായിത്തീർന്നിരിക്കുന്നു. നിങ്ങൾ എടുത്ത നിഷിദ്ധവസ്തുക്കൾ നശിപ്പിക്കുന്നില്ലെങ്കിൽ ഞാൻ ഇനി നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല"(ജോഷ്വാ 7,11-12).

ജോഷ്വാ അതിരാവിലെ എഴുന്നേറ്റ് ഇസ്രായേലിലെ ഗോത്രമുറയനുസരിച്ച് ഓരോ കുലത്തെയും കുടുംബത്തെയും വരുത്തി അവരുടെ ചെയ്തികളെ വിലയിരുത്തി. അങ്ങനെ യൂദാ ഗോത്രത്തിൽനിന്നും കാർമ്മിയുടെ മകനായ ആഖാനെ മാറ്റിനിർത്തിചോദിച്ചു. "എന്റെ മകനേ, ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ മഹത്ത്വപ്പെടുത്തി അവിടുത്തെ സ്തുതിക്കുക.



നീ എന്തുചെയ്തെന്ന് എന്നോടു പറയുക. എന്നിൽനിന്ന് ഒന്നും മറച്ചുവയ്ക്കരുത്. അവൻ മറുപടി പറഞ്ഞു; ഇസ്രായേലിന്റെ ദൈവമായ കർത്താവിനെതിരെ ഞാൻ പാപം ചെയ്തിരിക്കുന്നു. ഞാൻ ചെയ്തതിതാണ്: കൊള്ളവസ്തുക്കളുടെ കൂടെ ഷീനാറിൽ നിന്നുള്ള അതിവിശിഷ്ടമായ ഒരു മേലങ്കിയും ഇരുനൂറു ഷെക്കൽ വെള്ളിയും അമ്പതുഷെക്കൽ തൂക്കമുള്ള ഒരു സ്വർണ്ണക്കട്ടിയും ഞാൻ കണ്ടു. മോഹം തോന്നി ഞാൻ അവ എടുത്തു, വെള്ളി ഏറ്റവും അടിയിലായി അവയെല്ലാം എന്റെ കൂടാരത്തിനുള്ളിൽ കുഴിച്ചിടുകയും ചെയ്തു" (ജോഷ്വാ 7:19-21).

ആഖാന്റെ തുറന്നു പറച്ചിലാണിവിടെ കാണുക. മോഷണവും വ്യാജം പറച്ചിലും അവന്റെ മാത്രമല്ല; ഒരു സമൂഹത്തിന്റെ തന്നെ നാശത്തിനു കാരണമായി. ആരും അറിയാതെ ചെയ്ത ആഖാന്റെ പാപം ഇസ്രായേൽ ജനത്തിന്റെ മുഴുവൻ മുമ്പിൽ ചുരുളഴിഞ്ഞു. കണ്ണിനു കൗതുകം തോന്നുന്നതെല്ലാം കൈപ്പിടിയിലാക്കുന്ന ലോകത്തിന് ഇത് ഒരു നിദർശനമാണ്. ആഖോർതാഴ്‌വരയിലേക്ക് അവനെയും അവന്റെ സകലവസ്തുവകകളെയും കൊണ്ടുപോയി നശിപ്പിക്കുന്നു. അവന്റെമേൽ ഇസ്രായേൽജനം ഒരു വലിയ കല്ക്കൂമ്പാരം ഉണ്ടാക്കി എന്നത്രേ പറയുന്നത്. സത്യം പറയുക, പ്രവർത്തിക്കുക എന്ന മാനുഷിക മൂല്യത്തിന് വില കല്പിക്കേണ്ടത് ഓരോ വ്യക്തികളുമാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാത്ത അവന്റെ ആർത്തിയുള്ള മനസ്സാണ് അപരന്റെ വസ്തുക്കൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നത്. ഓരോ വ്യക്തിക്കും ആവശ്യമായവ ദൈവം ഈ ലോകത്തിൽ ഒരുക്കിവച്ചിട്ടുണ്ട്. അത് വേണ്ടവിധം കണ്ടെത്താതെ, ഉപയോഗിക്കാതെ വേണ്ടാത്തതിലേക്കുള്ള നോട്ടം നാശം വിളിച്ചുവരുത്തും. ആഖാൻ എന്നയാളുടെ പാപം മൂലം നിഷ്കളങ്കരും നിർദ്ദോഷരുമായ കുറെയധികം പേർക്കുകൂടി ജീവഹാനി സംഭവിച്ചു. അവന്റെ വസ്തുക്കൾ ഇസ്രായേൽക്കാർ അഗ്നിക്കിരയാക്കി. അവൻ ശേഖരിച്ച കൊള്ളമുതൽ ആർക്കും പ്രയോജനപ്പെട്ടില്ല. ജീവിതത്തിന്റെ ചുറ്റുപാടുകളിൽ മോഹമുണർത്തുന്ന പലതും നാം കണ്ടെന്നുവരും. അതിന്റെ പിറകെ ഓടുന്നവർ നാശത്തിലും എത്തിച്ചേരുന്നു. ആഖാന്റെ ജീവിതമതാണ് നമ്മോടു പറയുക. ആയുസ്സുമുഴുവിപ്പിക്കാതെ അവൻ കല്ക്കൂമ്പാരത്തിനടിയിലുണ്ട്. ❑

## ആഖാന്റെ ജീവിതം പറയുന്നു:

* മോഷ്ടിക്കരുത്
* വ്യാജം പറയരുത്
* മോഹം നാശം വിതയ്ക്കും
* വ്യക്തിപരമായ പാപം സമൂഹത്തെയും നശിപ്പിക്കും

# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശെക്കാലമാണല്ലോ നാം ഇപ്പോൾ ആചരിക്കുന്നത്. ലോകാവസാനം, മരണം, അന്ത്യവിധി എന്നീ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുവാനും ധ്യാനിക്കുവാനും അതിന്റെ വെളിച്ചത്തിൽ ജീവിക്കുവാനും പ്രചോദനമുൾക്കൊള്ളേണ്ട കാലഘട്ടമാണല്ലോ ഇത്. ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകമാനത്തെക്കുറിച്ചുള്ള അവബോധം വളരെ കുറഞ്ഞുപോയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സാമ്പത്തികവും സാങ്കേതികവുമായ മേഖലകളിലുള്ള സമൂഹത്തിന്റെ വളർച്ച അതിന് കാരണമായിട്ടുണ്ടെന്നുള്ളതിന് സംശയമില്ല. അതുപോലെതന്നെ ശരിയായ വിശ്വാസപ്രബോധനവും പരിശീലനവും നല്കുന്നതിൽ ഉത്തരവാദിത്വപ്പെട്ടവരിലും വീഴ്ച സംഭവിക്കുന്നുണ്ട്. അതുകൊണ്ട് ഈ കാലഘട്ടത്തിൽ ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകസ്വഭാവം മനസ്സിലാക്കുവാനുതകുന്ന വിധത്തിൽ നമ്മുടെ അജപാലനശുശ്രൂഷയെ ക്രിയാത്മകമാക്കുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

സെപ്റ്റംബർ മാസത്തിൽ സ്നേഹത്തിന്റെ മാക്സിമലിസകുടുംബസമ്മേളനം നടക്കുന്നതുകൊണ്ട് പതിവായുള്ള ഓൺലൈൻ സമ്മേളനങ്ങളും പഠനങ്ങളും ഉണ്ടായിരിക്കുകയില്ല. ഇപ്രാവശ്യത്തെ കുടുംബസമ്മേളനം സെപ്റ്റംബർ 21-ാം തീയതി, വിശുദ്ധ മത്തായിശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നടക്കുന്നു. വൈകുന്നേരം 6.30 മുതൽ 7.30 വരെയാണ് സമ്മേളനം. പ്രസ്തുത സമ്മേളനത്തിൽ അപ്പസ്തോലിക് ഒബ്ളേറ്റ്സ്, അപ്പസ്തോലിക് സൊദാലസ്, സോഷ്യൽ ആനിമേറ്റേഴ്സ്, കോ-ഓപ്പറേറ്റീവ്സ് എന്നിവരെല്ലാവരും സജീവമായി പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമ്മേളനത്തിൽ ഇന്ത്യയിലെ മാക്സിമലിസം കുടുംബത്തിന്റെ സ്ഥാപക ഡയറക്ടർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ സന്ദേശം നല്കുന്നതാണ്.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, **സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം - 686 018** എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# മുറിവേറ്റവനും മുറിവ് വച്ചുകെട്ടിയവനും

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

*ഫ്രാ*ൻസീസ് മാർപാപ്പ തന്റെ ഫ്രത്തേല്ലി തൂത്തി എന്ന ചാക്രികലേഖനത്തിന്റെ രണ്ടാം അധ്യായത്തിൽ നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ (ലൂക്കാ 10,25-37) ഇന്നത്തെ ലോകത്തിലെ വ്യതസ്ത കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ഈ ഉപമയിലെ കഥാപാത്രങ്ങൾ കവർച്ചക്കാരും മുറിവേറ്റ മനുഷ്യനും പുരോഹിതനും ലേവായനും സമരിയാക്കാരനും സത്രം സൂക്ഷിപ്പുകാരനുമാണ്. ഇവിടെ പ്രധാനമായും രണ്ടുതരം മനുഷ്യരെയാണ് കാണാൻ സാധിക്കുന്നത്: മുറിവേറ്റു കിടക്കുന്നവനെ ശുശ്രൂഷിക്കുന്നവരും അവനെ അവഗണിച്ച് കടന്നുപോകുന്നവരും. മറ്റുള്ളവരുടെ മുറിവുകൾ തൊടാനും വീണവനെ കുനിഞ്ഞ് എഴുന്നേൽപ്പിക്കാനും വ്രണിതനായവനെ തോളിലേറ്റാനും സാധിക്കുന്ന മനുഷ്യരെയാണ് ഇന്നിന്റെ ലോകത്തിനാവശ്യം.

അപരന്റെ ജീവനെ ഹനിച്ചും സമ്പാദ്യം നേടണമെന്ന ത്വരയാണ് കാണുന്നതിന്ന്. സ്വാർത്ഥതാത്പര്യത്തിന്റെയും ക്രൂരതയുടെയും കറുത്ത നിഴലുകൾ അവിടെയുണ്ട്. വേദനിക്കുന്ന ശരീരത്തോടുകൂടെ മുറിവേറ്റവൻ വഴിയിൽ കിടക്കുന്നുണ്ട്. അവഗണനയുടെയും

നിസ്സഹായതയുടെയും പ്രതീകമാണവർ. സുരക്ഷിതമായ അകലത്തിൽ കടന്നുപോകുന്നവരാണ് പുരോഹിതരും ലേവായരും. ആശങ്കയുളവാക്കുന്ന ഒരു ഉദാസീനത അവരിലുണ്ട്. അവരുടെ വ്യക്തിപരമായ താത്പര്യങ്ങൾക്ക് അപ്പുറത്താണ് മുറിവേറ്റവർ. അവന്റെ യാചനയും രോദനവും അവരുടെ ഹൃദയങ്ങളെ സ്പർശിക്കുന്നതേയില്ല.

ഇവിടെ ഒരു 'പുതിയ തുടക്കം' നാം കുറിക്കേണ്ടതുണ്ട്. ഓരോ ദിവസവും പുതിയ സാധ്യതകൾ നമുക്കു നൽകുന്നുണ്ട്. നമ്മുടെ അസ്വസ്ഥമായ സമൂഹങ്ങളെ നവീകരിക്കുവാൻ നാം ഇറങ്ങിത്തിരിക്കേണ്ടതുണ്ട്. അപരനോടുള്ള വെറുപ്പും അസംതൃപ്തിയും കളഞ്ഞുകൊണ്ട് അവരുടെ പ്രശ്നങ്ങളുടെ വേദന പേറുന്ന, സാഹോദര്യഭാവം പ്രകടിപ്പിക്കുന്ന നല്ല സമറിയാക്കാരനാകാൻ ഇന്ന് അവസരമുണ്ട്. വീണവരെ പിടിച്ചുയർത്താൻ നിരന്തരവും അക്ഷീണവുമായ പ്രയത്നം നമ്മൾ നടത്തണം. നന്മയായതിനുവേണ്ടി നിലകൊള്ളുവാനും അതിന്റെ സേവനത്തിനായി നമ്മെത്തന്നെ മാറ്റിവയ്ക്കാനും കഴിയണം.

നമ്മുടെ പ്രവർത്തനങ്ങൾ പ്രാദേശികതലങ്ങളിൽ ആരംഭിക്കണം. തുടർന്ന് ലോകം മുഴുവനിലേക്കും 'കരുതലും കരുണയും' വ്യാപിപ്പിക്കണം. വേദനിക്കുന്നവരെയും മുറിവേറ്റവരെയും നാം തേടിപ്പോകണം. മനുഷ്യഹൃദയങ്ങളിൽ ദൈവം നട്ടിട്ടുള്ള നന്മ ഫലമണിയേണ്ടതുണ്ട്. സാധുമനുഷ്യരെ സഹായിക്കുന്ന സത്രം സൂക്ഷിപ്പുകാരാകാനും നമ്മൾ പഠിക്കണം. പ്രയോജനരഹിതമായ സങ്കുചിതത്വവും ഉദാസീനതയും നാം ഉപേക്ഷിക്കണം. പുത്തനുണർവ്വോടെ എല്ലാത്തലങ്ങളിലും നമ്മൾ വ്യാപരിക്കണം.

മുറിവ് വച്ചുകെട്ടിയവൻ അംഗീകാരവും കൃതജ്ഞതയും പ്രതീക്ഷിച്ചില്ലയെന്നത് ശ്രദ്ധേയമാണ്. മറ്റൊരു വ്യക്തിയെ സഹായിക്കുവാനുള്ള അവസരം ഫലപ്രദമായി ഉപയോഗിച്ച സമറിയാക്കാരൻ ഈ സേവനം തന്റെ കടമയായിത്തന്നെ കരുതുന്നു. ആ ശുശ്രൂഷ തന്നെ അയാൾക്ക് വലിയ സംതൃപ്തി സമ്മാനിച്ചു. ചുറ്റുമുള്ളവരെ സഹായിക്കുക എന്നത് നമ്മുടെ കടമതന്നെയാണ്. യാതൊരുവിധ നന്ദിയും പ്രതിഫലവും പ്രതീക്ഷിക്കാതെ, നമുക്കുള്ളത് അവർക്കു നല്കിക്കൊണ്ട് ചരിക്കാൻ നല്ല സമറായൻ നമ്മെ പഠിപ്പിക്കുന്നു.

അതിർവരമ്പുകൾ ഇല്ലാത്ത അയൽക്കാരാകുവാൻ ഈ ചാക്രികലേഖനം എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നുണ്ട്. തന്റെതന്നെ ഗോത്രത്തിലെയോ വംശത്തിലെയോ ആളുകൾ മാത്രമാണ് അയൽക്കാരെന്നും, അവർക്ക് മാത്രമേ സഹായം കൊടുക്കേണ്ടതുള്ളൂ എന്നു ചിന്തിക്കുകയും ചെയ്തിരുന്ന യഹൂദകാഴ്ചപ്പാടിനെ ഇവിടെ തിരുത്തിക്കുറിക്കുന്നു. യഹൂദർ പുച്ഛത്തോടെ വീക്ഷിച്ചിരുന്നവരായിരുന്നു സമരിയാക്കാർ. അവരെ അശുദ്ധരായി യഹൂദർ കരുതിയിരുന്നു. സഹായിക്കേണ്ടവരിൽ പെടാത്തവരായിരുന്നു അവർ. എന്നാൽ ഇവിടെ സമറിയാക്കാരൻ 'ഒരു നല്ല അയൽക്കാരനായി' കാണപ്പെടുന്നു. തന്നെ അയൽക്കാരനായി കാണുന്ന വ്യക്തിയുടെ ജീവിതത്തിലേക്ക് കരുതലുള്ള അയൽക്കാരനായി സമറിയക്കാരൻ മാറുന്നു. ഈ ഭാവം നമ്മളും സ്വീകരിക്കേണ്ടതുണ്ട്.

സഹായം ആവശ്യമുള്ളവന് നാം അത് നൽകണം. മുറിവേറ്റ് കിടക്കുന്നവൻ തന്റെ സാമൂഹ്യബന്ധത്തിലുള്ളവനാണോ എന്നൊന്നും നോക്കാതെ, അവനു സഹായം ആവശ്യമുണ്ടെന്ന് മനസ്സിലാക്കി ഇടപെടാൻ നാം പഠിക്കണം. "പോവുക, ഇതുപോലെ ചെയ്യുക" എന്ന് പറഞ്ഞുകൊണ്ടാണ് ഈശോ ഉപമ അവസാനിപ്പിക്കുന്നത് (ലൂക്കാ 10,37). മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ അറിയാൻ തക്കവിധമുള്ള ഹൃദയം ഉള്ളവരാകണം നമ്മൾ. എല്ലാ മനുഷ്യരും ദൈവസൃഷ്ടികളായതിനാൽ തുല്യ മഹത്ത്വമുള്ളവരാണ്. ആ ആദരത്തോടുകൂടെ എല്ലാവരോടും നാം ഇടപെടണം.

❑



# തിരുത്ത്

സാബി കോഴിക്കോട്

**ജി**ലുമോൾ കൈതപ്പറമ്പിൽ തറവാടിന്റെ കൺമണിയാണ്. ഇത്തിരി പരിഷ്കാരം തലയ്ക്കുപിടിച്ചതുകൊണ്ടാവാം ചെറുപ്പം മുതലേ സൈക്കിളിൽ കയറി, ആൺകുട്ടികളുടെ വേഷവും ധരിച്ച്, കിലുകിലാ ചിലച്ചുകൊണ്ടു നടക്കുന്നതിൽ അവൾ ഹരംകൊണ്ടിരുന്നത്. വ്യത്യസ്തങ്ങളായ ഭക്ഷണം ഉണ്ടാക്കി അത് രുചിക്കുന്നതിലും ഭുജിക്കുന്നതിലും അവളെ വെല്ലാൻ ആരുമുണ്ടായിരുന്നില്ല. കാലം മാറി.... ഇന്നവൾ ആ പഴയ ജിലുവല്ല. ആരും ഒന്ന് ഒളികണ്ണിട്ടു നോക്കിപ്പോകുന്ന ഒരു കോളേജുകുമാരി. ആരോടും രണ്ടു പറയാൻ യാതൊരു കൂസലുമില്ലാത്ത ഇവൾ അപാര ആത്മവിശ്വാസത്തിനുടമയാണെന്നു പറഞ്ഞാൽ അത്ഭുതപ്പെടാനില്ലല്ലോ!

കുറച്ചുനാളായി ജിലുമോൾക്ക് ഒരു സ്കൂട്ടർ കിട്ടിയാൽ കൊള്ളാമെന്നൊരു മോഹം. തന്റെ ആഗ്രഹങ്ങൾക്കൊന്നും എതിരുനിൽക്കാത്ത അപ്പനോട് സൂത്രത്തിൽ അവൾ കാര്യങ്ങൾ അവതരിപ്പിച്ചു. കേൾക്കേണ്ട താമസം അപ്പൻ 'യെസ്' മൂളി. സ്കൂട്ടർ മാത്രം പോരല്ലോ ലൈസൻസ് എടുക്കണ്ടേ? സൈക്കിൾ ബാലൻസ് ഉള്ളതുകൊണ്ട് അതും ഈസിയായി നടക്കും. ഡ്രൈവിംഗ് സ്കൂളിൽ ചേർന്നു, 'ലേണേഴ്സ്' എടുത്തു. പക്ഷേ ടെസ്റ്റിന്റെ ദിവസം വരുമ്പോൾ '8' എടുക്കാൻ മാത്രം കഴിയുന്നില്ല. മൂന്നുതവണ പൊരുതി തോറ്റു. കാശും പോയി, ആത്മവിശ്വാസവും പോയി. ഇന്നും ഉന്തിത്തള്ളി അപ്പൻ വിട്ടതാ.... '8'ന്റെ അവസാനം വരെ എത്തിയതുമാ.... പക്ഷേ അറിയാതെ കാലുകുത്തിപ്പോയി. അലറിവിളിച്ചുകൊണ്ടവൾ അപ്പനെ സമീപിച്ചു. അപ്പൻ അവളെ ചേർത്തുനിർത്തിക്കൊണ്ടു പറഞ്ഞു: "മോളു വിഷമിക്കേണ്ട, ടെസ്റ്റിൽ നിനക്കുവരുന്ന തെറ്റുകൾ പരിശ്രമംകൊണ്ടു തിരുത്തുവാൻ കഴിയും. എന്നാൽ ശരിക്കു പഠിക്കാത്ത സ്കൂട്ടറുമായി റോഡിലിറങ്ങുമ്പോൾ ഉണ്ടാവാനിടയുള്ള ചില തെറ്റുകൾ ഒരിക്കലും തിരുത്താൻ കഴിയാത്തവയായിരിക്കും. അതുകൊണ്ട് നിന്റെ ഈ പരാജയത്തിൽ നീ ഒട്ടും ദുഃഖിക്കേണ്ട".



തെറ്റുകൾ തിരുത്തപ്പെടേണ്ടവയാണ്. എന്നാൽ അവയിൽ ചിലത് തിരുത്തുവാൻ മനുഷ്യനെക്കൊണ്ട് ഒരിക്കലും സാധിക്കുകയില്ല. അവിടെ സ്രഷ്ടാവിനുമാത്രമേ എന്തെങ്കിലും ചെയ്യാനാവൂ. കരുതലോടെ ഇടപെട്ടാൽ തിരുത്തലുകൾ നിക്ഷേപ അവസരങ്ങളാക്കാം.

മനുഷ്യജീവിതത്തിൽ തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ അതു തിരിച്ചറിയുവാനും തിരുത്തുവാനും തയ്യാറുള്ളവർ മാത്രമേ വിജയിക്കൂ. അതിനായി വീരോചിതമായ ഒരു യജമാനത്വം നാം സ്വയം ഏറ്റെടുക്കണം. തന്നോടുതന്നെ 'അരുത്' എന്നാജ്ഞാപിക്കുവാനും ഇതാണു വഴി എന്ന് ബോദ്ധ്യപ്പെടുത്തുവാനും നേരായ വഴിയിലൂടെയാണു താൻ നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാനും ധൈര്യമുള്ള ഒരു യജമാനനാകണം നാമോരോരുത്തരും. കാരണം തിരുത്തലുകൾ സ്വീകരിച്ചവരേ തീരത്തണഞ്ഞിട്ടുള്ളൂ.

സ്വന്തം തെറ്റുകൾ തിരുത്താൻ മനസ്സായ ചുങ്കക്കാരൻ കർത്താവിന്റെ ചങ്കിലിടംനേടി; തെറ്റിയ വഴികൾ മാറിനടക്കാൻ മനസ്സുകാണിച്ച പാപിനി മാനസാന്തരത്തിന്റെ പ്രവാചികയായി; തെറ്റിനെയോർത്തു കരഞ്ഞവൻ സഭയുടെ തലവനായി. 'തെറ്റിപ്പോയി, ക്ഷമിക്കണേ' എന്നു സഭയ്ക്കുവേണ്ടി കേണപേക്ഷിച്ച മാർപാപ്പ ലോകമനസ്സുകളിൽ ഇടംനേടി.

നമുക്കും, നമ്മുടെ കൂടെയുള്ളവർക്കും തെറ്റുകൾ പറ്റുമെന്നതിൽ തർക്കം വേണ്ട. തിരുത്തുന്നവരെ ദൈവികസാന്നിദ്ധ്യങ്ങളായി കാണാൻ മനസ്സായാൽ, തിരിച്ചുവരുന്നവരെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ തയ്യാറായാൽ, സ്വന്തം അഹം വെടിഞ്ഞ് അപരനിലേക്കു താണിറങ്ങാൻ മനസ്സായാൽ, അതിലുപരി തെറ്റിയിടത്തുനിന്നും തിരിച്ചുനടക്കാൻ തയ്യാറായാൽ നാമും, നമുക്കു ചുറ്റുമുള്ളവരും ലക്ഷ്യത്തിലെത്തുകതന്നെ ചെയ്യും. ഒന്നോർക്കുക, ഇന്നു നാമനുഭവിക്കുന്ന പരാജയങ്ങൾ നാളെ നമ്മെ കാത്തിരിക്കുന്ന വിജയങ്ങളുടെ ചവിട്ടുപടികളാണ്.

❑



# നിറദീപം

അനിത ആത്രശ്ശേരിയിൽ

കർത്താവും ശിഷ്യരും വഞ്ചിയിൽ കേറുന്നു.
തിത്തൈ തകതെയ് ഈരടിപാടുന്നു.
താളലയങ്ങളുയരുമ്പോൾ മേളമായ്
ഗുരുവിന് നല്ലൊരുപായം മനസ്സില്
തുഴയട്ടെ തുടരട്ടെ-ഉല്ലാസമാകട്ടെ.
കടലാണ് വഞ്ചിയാണെന്നൊരു പേടിയും
കൂടാതെ ശിഷ്യരന്നാഘോഷിച്ചാർക്കയായ്-
അമരത്തൊരു തലയണയതുകണ്ടിട്ട്
കർത്താവുമെല്ലെ മയക്കമാരംഭിച്ചു.
കൂർക്കം വലിച്ചങ്ങുറങ്ങുകയാണെന്ന്
കരുതിയ ശിഷ്യരും യാത്രതുടരവെ-
പെട്ടെന്ന് കടലില് തിരകളുയരുന്നു.
കാറ്റ്-കൊടുങ്കാറ്റ്-പേമാരിയും വന്നു.
തമ്പുവലിച്ചു തുഴഞ്ഞു മടുത്തവർ
സ്പീഡുബോട്ടുപോലവേ വഞ്ചിയുലയുന്നു.

കർത്താവേ-കർത്താവേ-നീയെന്തുറക്കമീ
ഞങ്ങളും വള്ളവും മുങ്ങുന്നു-കണ്ടാലും
ശല്യംസഹിക്കാതവനേഴുന്നേറ്റുടൻ
കാറ്റിനെ ശാസിച്ചുകടലതും ശാന്തമായ്-
പേക്കിനാ കണ്ടുകരയുന്നോ ഭീരുക്കൾ
ഞാനില്ലെ-നിങ്ങൾ തൻ കർത്താവു ഞാനല്ലെ-
എങ്ങുപോയ് നിങ്ങടെ വിശ്വാസമപ്പാടെ
കാറ്റതു കൊണ്ടുപോയ് കടലിലായ്താഴ്ത്തിയോ
ഭീരുക്കളാകാതെ ധീരരായിടണം.
വിശ്വാസം നിറദീപമായി സൂക്ഷിക്കണം. ❑





# കുട്ടപ്പേട്ടനും കുട്ട്യോളും



**ഷിനി തെരേസ് മുതുപ്ലാക്കൽ**

"ഇന്ന് ചെന്നായയുടെയും മുട്ടാടുകളുടെയും കഥയാ ഞാൻ പറയാൻ പോകുന്നത്."

"കൂട്ടുകൂടി നടന്ന മുട്ടാടുകളെ കൂട്ടിയിടിപ്പിച്ച് ചോര കുടിക്കാൻ ശ്രമിച്ച ചെന്നായയുടെ കഥയല്ലേ? ആ കഥയിലെ കഥാപാത്രങ്ങളും മരിച്ചു; കഥ പറഞ്ഞിരുന്ന കാർന്നോന്മാരും മരിച്ചു. ഇനിയും ഇത് നിർത്താറായില്ലേ?"

"എന്നാപ്പിന്നെ വേറൊരു കഥയായാലോ....? കുട്ടപ്പേട്ടന്റെയും കെട്ട്യോൾടെയും കുട്ട്യോൾടെയും കഥ? ഇതു വേറെ ലെവലാ മോനേ..."

"എങ്കീ പറയ്"

"നമ്മുടെ കുട്ടപ്പേട്ടൻ ആള് വളരെ നല്ലവനാ കേട്ടോ. വീട്ടുകാർക്കും നാട്ടുകാർക്കും ഒക്കെ സമ്മതനായവൻ. കുട്ടപ്പേട്ടന്റെ കുടുംബമാണ് ആ നാട്ടിലെ മാതൃകാകുടുംബം. അതുപോലെ നാട്ടിലെന്തെങ്കിലും പ്രശ്നമുണ്ടായാൽ പരിഹാരത്തിനായി എല്ലാവരും സമീപിക്കുന്നതും മൂപ്പരെതന്നെയാണേ... നാട്ടുകാർ കുട്ടപ്പേട്ടന് കട്ട സപ്പോർട്ടാ. ഇങ്ങനെ വളരെ സന്തുഷ്ടമായി കഴിഞ്ഞുപോകുകയായിരുന്നു കുട്ടപ്പേട്ടനും കുടുംബവും കൂട്ടുകാരും നാട്ടുകാരും.

അങ്ങനെയിരിക്കെ ഒരു ദിവസം ധനാഢ്യനായ ഒരു മനുഷ്യൻ ആ നാട്ടിലെത്തി. തന്റെ ബിസിനസ് വളർത്തുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. തന്റെ ഈ ലക്ഷ്യവുമായി നാട്ടുകാരിൽ പലരെയും അയാൾ സന്ദർശിച്ചു. പക്ഷേ അയാളുടെ പ്രവൃത്തിയിൽ എന്തോ ഗൂഢോദ്ദേശ്യം ഉണ്ടെന്നു മനസ്സിലാക്കിയ അവർ കുട്ടപ്പേട്ടനെ കാര്യം ധരിപ്പിച്ചു. കുട്ടപ്പേട്ടനും നാട്ടുകാരും ഒറ്റക്കെട്ടാണെന്നും അവരെ ഭിന്നിപ്പിക്കാതെ തന്റെ കാര്യം നടക്കുകയില്ലെന്നും ബിസിനസുകാരന് മനസ്സിലായി. എങ്ങനെ അവരെ തമ്മിൽ അകറ്റാം എന്നതായി അയാളുടെ ചിന്ത. എങ്ങനെയെങ്കിലും നാട്ടുകാരുടെ മുമ്പിൽ നാണംകെടുത്തിയാൽപ്പിന്നെ മാനംനഷ്ടപ്പെട്ട കുട്ടപ്പേട്ടൻ നാട്ടുകാര്യത്തിലൊന്നും ഇടപെടില്ല എന്ന് അയാൾ ചിന്തിച്ചു. ഒരു പ്രശ്നമുണ്ടാകുമ്പോൾ അത് അന്തിമമായി പരിഹാരിക്കാൻ നേതാവില്ലാതാകുമ്പോൾ നാട്ടുകാരെ ഭിന്നിപ്പിക്കാൻ എളുപ്പമാണല്ലോ!

കുട്ടപ്പേട്ടന്റെ വാക്കുകൾക്ക് നാട്ടുകാർ വിലകൊടുക്കാതിരിക്കാൻ ഒറ്റ വഴിയേയുള്ളൂ. എല്ലാവരും മാതൃകയായി കാണുന്ന കുട്ടപ്പേട്ടന്റെ വീട് 'കുട്ടിച്ചോറാ'ക്കുക. ഈ ലക്ഷ്യം നേടാനായിരുന്നു ബിസിനസുകാരന്റെ പിന്നീടുള്ള ശ്രമങ്ങൾ. പരിശ്രമങ്ങൾക്കൊടുവിൽ കുട്ടപ്പേട്ടന്റെ എട്ടു കുട്ടികളിൽ രണ്ടു കുട്ടികളെ അയാൾ പാട്ടിലാക്കി; ഒപ്പം നേരും നെറിവുമില്ലാത്ത ചില നാട്ടുകാരെയും. അണിയറയിൽനിന്ന് ബിസിനസുകാരൻ ചരടുവലിക്കുന്നതനുസരിച്ച് അരങ്ങത്ത് പിന്നെയങ്ങ് കളി തുടങ്ങി. അതിനനുസരിച്ച് കുട്ടപ്പേട്ടന്റെ വീട്ടിൽ പ്രശ്നങ്ങളും തുടങ്ങി. ആദ്യമൊക്കെയുണ്ടായ പ്രശ്നങ്ങളൊക്കെ കുശുകുശുപ്പും അല്ലറചില്ലറ പൊട്ടിത്തെറികളുമൊക്കെയായി കുടുംബത്തിനുള്ളിൽത്തന്നെ തീർന്നു. പിന്നീട് മക്കൾ കുട്ടപ്പേട്ടന്റെ വാക്കുകൾക്ക് ചെവിക്കൊടുക്കാതെയായി.

പാവം കുട്ടപ്പേട്ടൻ! കുടുംബത്തിലെ കുന്നായ്മകളൊന്നും പുറത്താരും അറിയുന്നില്ല എന്നാണ് അദ്ദേഹം കരുതിയിരുന്നത്. നാട്ടിലുണ്ടായ ഒരു പ്രശ്നത്തിന് പതിവുപോലെ പരിഹാരമാർഗം നിർദ്ദേശിച്ച അദ്ദേഹത്തിന്റെ നേരെ നോക്കി ഒരു നാട്ടുകാരൻ ആക്രോശിച്ചു: 'ആദ്യം സ്വന്തം കുടുംബത്തിലെ കാര്യങ്ങൾ ശരിയാക്കാൻ നോക്ക്.' അയാൾ തുടർന്നുപദേശിച്ചു: 'പിന്നേയ്... മക്കളോടു പറ, കുടുംബത്തിലെ പ്രശ്നങ്ങൾ കുടുംബത്തിൽത്തന്നെ തീർക്കാൻ. നാട്ടിലിറങ്ങി നാട്ടുകാർക്ക് നാടകംകാണാൻ അവസരം കൊടുക്കാതെ.'

മാനം നഷ്ടപ്പെട്ട കുട്ടപ്പേട്ടൻ പിന്നെ വീട്ടിൽനിന്നും കാര്യമായി പുറത്തിറങ്ങാതായി. ബിസിനസുകാരന്റെ കുതന്ത്രങ്ങളനുസരിച്ച് നാട്ടുകാരും നാലുവഴിക്കായി. അല്ലെങ്കിൽത്തന്നെ അല്പം വളഞ്ഞ വഴിയേ പോയിട്ടാണെങ്കിലും ആവശ്യത്തിനു പണവും ആഗ്രഹിക്കുന്ന സുഖങ്ങളും കിട്ടിയാൽ നേർവഴിയേ ചരിക്കാൻ ആൾക്കാർ കുറയും. പക്ഷേ, കർത്താവ് പറഞ്ഞിരിക്കുന്നതെന്നതാ... ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നല്ലേ...?"

"കൊള്ളാം! കഥ കാര്യമായി മാറിയോ? അല്ല... ഈ കഥയ്ക്ക് അവസാനമൊന്നുമില്ലേ...? ചെന്നായയുടെയും മുട്ടാടുകളുടെയും കഥയായിരുന്നെങ്കിൽ ഇപ്പോൾ തീർന്നേനെ. ഇതൊരു മാതിരി മെഗാസീരിയൽ പോലെ..."

"ആ കഥ വേണ്ട എന്നു പറഞ്ഞതുകൊണ്ടല്ലേ ഇതു തുടങ്ങിയത്. ഇതവസാനിക്കണമെങ്കിൽ വേറെ ചിലരൊക്കെ, ചിലതൊക്കെ അവസാനിപ്പിക്കണം - അഹന്ത, അനുസരണക്കേട്, അറിവില്ലായ്മ, പിടിവാശികൾ തുടങ്ങി പലതും... അതുവരെ ഈ കഥ ഒരു മെഗാസീരിയൽപോലെ തുടരും, തീർച്ച...."

❑



# വിശുദ്ധ യൗസേപ്പ് സുകൃതം നിറഞ്ഞ പിതാവ്

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

***ദൈ***വപിതാവിന്റെ അനുസരണയുള്ള പ്രിയപുത്രനായിരുന്നു വി. യൗസേപ്പ്. ദൈവം അരുളിചെയ്തവ അനുസരണയോടെ അക്ഷരാർത്ഥത്തിൽ അവൻ നിറവേറ്റി. അനുസരണം ആ ഹൃദയത്തിൽ രൂഢമൂലമായിരുന്നതിനാൽ മറ്റു സുകൃതങ്ങളും യൗസേപ്പിതാവിൽ സമൃദ്ധമായി തഴച്ചു വളർന്നിരുന്നു.

വിശുദ്ധ യൗസേപ്പിനെ സംബന്ധിച്ചിടത്തോളം അനുസരണം കേവലം സമ്മതം മൂളൽ മാത്രമായിരുന്നില്ല. ദൈവഹിതമനുസരിച്ചുള്ള കർമ്മമായിരുന്നു. വിശുദ്ധ യൗസേപ്പിനെപ്പോലെ ഹൃദയത്തിൽ അനുസരിച്ച് നമുക്കും പുണ്യത്തിൽ വളരാം. ഭൂമിയിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രന് നസ്രത്തിൽ പാർപ്പിടമൊരുക്കിയവനാണ് യൗസേപ്പിതാവ്. അത് ഭൗതികപാർപ്പിടമായിരുന്നുവെങ്കിൽ വിശുദ്ധ യൗസേപ്പിന്റെ ഹൃദയത്തിൽ പുണ്യങ്ങളിൽ അലങ്കരിച്ച ഒരു പാർപ്പിടം ഈശോയ്ക്കായി എന്നും സൂക്ഷിച്ചിരുന്നു. ആ ഹൃദയത്തിൽ ഈശോയ്ക്കും പാർപ്പിടമൊരുക്കിയതിനാലാണ് അവതരിച്ച വചനമായ ദൈവപുത്രനുവേണ്ടി എന്തു ത്യാഗം സഹിക്കാനും വിശ്വസ്തതയിൽ മുന്നേറുവാനും വിശുദ്ധ യൗസേപ്പിതാവിന് സാധിച്ചത്.

ദൈവാശ്രയബോധത്തിൽ ജീവിതം നെയ്തെടുത്ത ഒരു നല്ല കുടുംബനാഥനായിരുന്നു വിശുദ്ധ യൗസേപ്പ്. ദൈവപുത്രന്റെ മനുഷ്യാവതാരരഹസ്യങ്ങളോട് ആമ്മേൻ പറഞ്ഞു രക്ഷാകരപദ്ധതിയിൽ സഹകരിക്കുവാൻ ധൈര്യപൂർവ്വം മുന്നോട്ടുവരുവാൻ സാധിച്ചത് ദൈവത്തിലുള്ള അടിയുറച്ചുള്ള ആശ്രയത്വബോധമായിരുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവരുടെ ജീവിതത്തിൽ അത്ഭുതങ്ങളുടെ അനുഗ്രഹമാരി വർഷിക്കുമെന്ന് വിശുദ്ധ യൗസേപ്പിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. "ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ

കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല"( ഏശയ്യാ 40,31) എന്ന തിരുവചനം നമുക്കു മറക്കാതിരിക്കാം.

പരോന്മുഖതയുടെ ജീവിതം നയിച്ച ഒരു വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്. അപരന്റെ നന്മ മാത്രം മുന്നിൽകണ്ട് ജീവിതം ക്രമീകരിക്കുമ്പോഴാണല്ലോ ജീവിതം പരോന്മുഖമാകുന്നത്. അപരന്റെ നന്മയും സുഖവും, സംതൃപ്തിയുമായിരുന്നു ആ നല്ല മനുഷ്യന്റെ ജീവിതാദർശം. പരോന്മുഖതയില്ലാത്ത മനുഷ്യർക്ക് അവരുടെ കൂടെ ജീവിക്കുന്നവർക്ക് സുരക്ഷിതത്വമോ, സന്തോഷമോ നൽകാൻ കഴിയില്ല. വിശുദ്ധ യൗസേപ്പ് തന്റെ ചുറ്റുമുള്ളവർക്ക് സന്തോഷവും സുരക്ഷിതത്വവും സംതൃപ്തിയും പകർന്നുകൊടുത്തു. മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിക്കുന്ന പരോന്മുഖരായ മനുഷ്യർ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗ്യമാണ്.

സ്വർഗ്ഗപിതാവിന്റെ ഹിതം നിറവേറ്റുക എന്നത് വിശുദ്ധ യൗസേപ്പിന്റെ ജീവിതപ്രമാണമായിരുന്നു. ദൈവപുത്രന്റെ വളർത്തുപിതാവെന്ന അതുല്യസ്ഥാനം യൗസേപ്പ് പിതാവിനെ കൂടുതൽ എളിമയുള്ളവനാക്കുകയാണ് ചെയ്തത്. ദൈവഹിതം ജീവിതംകൊണ്ട് പ്രഘോഷിച്ച ഏറ്റവും വലിയ സുവിശേഷപ്രസംഗമായിരുന്നു വിശുദ്ധ യൗസേപ്പിതാവിന്റെ നിശബ്ദജീവിതം.

വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ സുകൃതം നിറഞ്ഞ ജീവിതം നയിക്കുവാൻ നമുക്കും പരിശ്രമിക്കാം.

**ഓ! ഈശോ,**
**അയൽക്കാരനെ സ്നേഹിക്കാനുള്ള**
**അങ്ങയുടെ കല്പന നിറവേറ്റാനും**
**അങ്ങു ഞങ്ങളെ സ്നേഹിച്ചതുപോലെ**
**ഞങ്ങൾ അവരെ സ്നേഹിക്കാനും കൃപചെയ്യണമേ.**
**ആത്മരക്ഷയ്ക്ക് ഇത് അത്യന്താപേക്ഷിതമാണല്ലോ.**
**അങ്ങയുടെ അതൃപ്തിക്കു കാരണമാകാതിരിക്കാൻ**
**വേണ്ടി അയൽക്കാരുടെ അതൃപ്തിക്കു**

(ക്രിസ്താനുകരണം)

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ബ്ലസ്സി ചേക്കയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ലോകരക്ഷകനായ അങ്ങേ തിരുക്കുമാരനിൽ പൂർണ്ണമായി പ്രത്യാശയർപ്പിച്ചു ജീവിക്കുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, നിയമങ്ങളെയും പ്രവചനങ്ങളെയും പൂർത്തീകരിക്കാൻ വന്ന അങ്ങേ തിരുക്കുമാരനെ അനുകരിച്ച് അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, പീഡാസഹനങ്ങളും കുരിശുമരണവും സ്വീകരിച്ച്, ഉത്ഥാന മഹത്ത്വം പ്രാപിച്ച ഈശോയെ ലക്ഷ്യമാക്കി ജീവിക്കുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, അന്തിമനാളിൽ വിശുദ്ധ സ്ലീവായുടെ അടയാളത്തോടെ വാനമേഘങ്ങളിൽ അങ്ങേ തിരുക്കുമാരൻ ആഗതനാകുമ്പോൾ, ആനന്ദപൂർവ്വം അവിടുത്തെ എതിരേൽക്കാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, സ്വർഗ്ഗസൗഭാഗ്യത്തിൽ അങ്ങയോടൊപ്പം ദൈവത്തെ സ്തുതിച്ചാരാധിക്കുവാനുള്ള കൃപയ്ക്കായി, അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നമുക്കു പ്രാർത്ഥിക്കാം,**

കർത്താവേ, ഈ ലോകജീവിതത്തിലുടനീളമുള്ള അവിടുത്തെ നിരന്തരസാന്നിധ്യവും സഹായവും തിരിച്ചറിയുവാനും, സഹനങ്ങളുടെയും ക്ലേശങ്ങളുടെയും മദ്ധ്യേയും അവിടുന്നു പ്രദാനം ചെയ്യുന്ന നിത്യമഹത്ത്വം ലക്ഷ്യമാക്കി മുന്നേറാനും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യംവഴി ഞങ്ങളെ അനുഗ്രഹിക്കണമെ. ആമ്മേൻ.



## നന്മരണ പ്രാർത്ഥന

ക്രൂശിതനായ ഈശോ, മരണം എന്നെ സമീപിക്കുകയും എന്റെ പഞ്ചേന്ദ്രിയങ്ങൾ ബലഹീനമാകുകയും ചെയ്യുമ്പോൾ അങ്ങയുടെ സഹായം ലഭിക്കുന്നതിനുവേണ്ടി ഇപ്പോൾ ഞാൻ നടത്തുന്ന ഈ പ്രാർത്ഥന കാരുണ്യപൂർവ്വം സ്വീകരിക്കേണമേ. ഏറ്റം മാധുര്യവാനായ ഈശോ ഞാൻ തീർത്തും ക്ഷീണിതനായി കൺപോളകൾ ഉയർത്തി അങ്ങയെ നോക്കുവാൻ ശക്തിയില്ലാത്തവനായി ശയിക്കുമ്പോൾ എന്റെമേൽ കൃപ തരേണമേ. ഇപ്പോഴത്തെ എന്റെ സ്നേഹപൂർണ്ണമായ ഈ വീക്ഷണത്തെ അനുസ്മരിച്ച് എന്റെമേൽ കൃപയുണ്ടാകണമേ. ഉണങ്ങിയ എന്റെ ചുണ്ടുകൾക്ക് അങ്ങയുടെ തിരുമുറിവുകളെ ചുംബിക്കുവാൻ കഴിവില്ലാതാകുമ്പോൾ ഇപ്പോൾ ഞാൻ അങ്ങേയ്ക്കു നല്കുന്ന സ്നേഹചുംബനങ്ങളെ സ്വീകരിച്ച് എന്റെമേൽ കൃപയുണ്ടാകണമേ. അങ്ങയുടെ ക്രൂശിതരൂപമെടുത്ത് ആശ്ലേഷിക്കുവാൻ എന്റെ തണുത്തു തുടങ്ങിയ കരങ്ങൾക്ക് കരുത്തില്ലാതാകുമ്പോൾ ഇപ്പോൾ ക്രൂശിത രൂപത്തെ ആശ്ലേഷിച്ചുകൊണ്ട് അങ്ങയോട് പ്രദർശിപ്പിക്കുന്ന ആഴമായ സ്നേഹം ഓർത്ത് എന്റെമേൽ കാരുണ്യം ഉണ്ടാകണമേ. മരവിച്ചു വരണ്ടുപോയ എന്റെ നാവ് സംസാരശക്തി നഷ്ടപ്പെടുന്ന മരണവേളയിൽ ഇപ്പോൾ ഞാനർപ്പിക്കുന്ന യാചനകളനുസ്മരിച്ച് എന്നോടു ദയ തോന്നണമേ.

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th September 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവേ, ഞാൻ ദുർബലനല്ലോ,
ശക്തിയെഴും നിൻ കരമരുളേണം.
സുരലോകത്തിൻ ഭാഗ്യം നേടാൻ
ദുർഭഗനെന്നെ വിളിച്ചീടേണം.
ദൂതരൊടൊപ്പം നിന്നെ വണങ്ങാൻ
ശാശ്വതശാന്തി പുണർന്നീടും ഞാൻ."
(ഏലിയ-സ്ലീവാ-മൂശെക്കാലം, വെള്ളി-റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal